# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിപ്പറമ്പ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.15/526/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/05/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തളിപ്പറമ്പ മുനിസിപ്പാലിറ്റി

സർ,

വിഷയം : തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(എയിംസിൽ)
3.ഡയറക്ടർ,നഗരകാര്യവകുപ്പ് ,തിരുവനന്തപുരം,(ഉപരിപത്രം സഹിതം)
4.റീജിനൽ ജോയന്റ് ഡയറക്ടർ,നഗരകാര്യം ,കോഴിക്കോട് (ഉപരിപത്രം സഹിതം)
5.കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.15/526/23 തീയ്യതി: 17/05/2023

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 49 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കിഷോർ തോമസ്. എം | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-04-2023 | 18-04-2023 |
| ശ്രീ.രാജിലൻ. എം. സി | ഡെപ്യൂട്ടി ഡയറക്ടർ | 19-04-2023 | 28-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-04-2023 | 28-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അന്ന അബ്രഹാം, ഓഡിറ്റർ (ഹ.ഗ്രേ.)
ശ്രീ.പ്രമോദ് കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മുർഷിദ. ബി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ രാമചന്ദ്രൻ എൻ പി,സൂപ്രണ്ട്-ജനറൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 21-04-2021 |
| ശ്രീ. മധു തമ്പിലാൻ, സൂപ്രണ്ട്-റവന്യൂ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2021 | 25-06-2021 |
| ശ്രീ. ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എഞ്ചിനീയർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 12-10-2021 |
| ശ്രീ.ശ്രീരാഗ് എം എസ് | സെക്രട്ടറി | 13-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോർജ്ജ് തോമസ് ചിറയിൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സപ്ന കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രേഖ കെ പി | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ,തളിപ്പറമ്പ | 01-04-2021 | 31-03-2022 |
| ഡോ.മേരി സെബാസ്റ്റ്യൻ | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 16-11-2021 |
| ഡോ.ബീന എം ആർ | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-11-2021 | 31-12-2021 |
| ഡോ. ലീല. എം വി | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-01-2022 | 31-03-2022 |
| ശ്രീമതി പങ്കജാക്ഷി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷാജി വി വി,ക്ലർക്ക് | പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |
| ശ്രീ ഷാജി വി വി, ക്ലർക്ക് | മെമ്പർ സെക്രട്ടറി, സി ഡി എസ് | 01-04-2021 | 31-03-2022 |
| ഡോ.സരിക.പി | സീനിയർ വെറ്റിനറി | 01-04-2021 | 23-05-2021 |

| | | | |
|---|---|---|---|
| | സർജൻ | | |
| ഡോ.മുരളീധരൻ സി വി | സീനിയർ വെറ്ററിനറി സർജൻ | 24-05-2021 | 31-03-2022 |
| ശ്രീ തോമസ് ഐസക് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ടി ആർ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ് കുമാർ സി, ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 | ഹെൽത്ത് ഓഫീസർ | 01-04-2021 | 17-01-2022 |
| ശ്രീ അബ്ദുൾ സത്താർ എം, ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് 1 | ഹെൽത്ത് ഓഫീസർ | 18-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷികധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യപത്രിക പരിശോധനയില്‍ കണ്ടെത്തിയ അപാകങ്ങള്‍. | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- നിര്‍വ്വഹണത്തിലെ അപാകങ്ങള്‍ | 1-6-1 |
| 9 | ക്ഷേമപദ്ധതികള്‍ | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ - കണക്കുകള്‍ പൂര്‍ണ്ണമല്ല | 1-7-1 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | വാര്‍ഡ് സഭ | 1-10 |
| 14 | നഗരസഭാ കൗണ്‍സില്‍ മിനുട്സ് അംഗീകാരത്തിനയക്കുന്നതില്‍ കാലതാമസം | 1-11 |
| 15 | താലൂക്ക് ആശുപത്രിയിലെ പേ വാര്‍ഡ്,സര്‍ക്കാര്‍ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ എന്നിവയില്‍ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 16 | 60 ച.മീ. ന മുകളില്‍ വിസ്തീര്‍ണ്ണമുള്ള വീടുകളെ വസ്തുനികുതിയില്‍ നിന്ന് ഒഴിവാക്കിയത് ക്രമപ്രകാരമല്ല | 1-13 |
| 17 | സഞ്ചയയില്‍ Active Building ആയ വാണിജ്യകെട്ടിടങ്ങള്‍ക്ക് വസ്തു നികുതി ഡിമാന്‍ഡ് ചെയ്യുന്നില്ല. | 1-14 |
| 18 | ബൈലോയ്ക്ക് സര്‍ക്കാര്‍ അംഗീകാരം വാങ്ങിക്കുവാനുള്ള നടപടികള്‍ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 19 | എഫ് ടി ഇ & ഒ എസ് ലൈസന്‍സ് -അപാകങ്ങള്‍ | 1-16 |
| 20 | സ്വകാര്യമാര്‍ക്കറ്റ് ലൈസന്‍സില്ലാതെ പ്രവര്‍ത്തിക്കുന്നു | 1-17 |
| 21 | കശാപ്പുശാല പ്രവര്‍ത്തിക്കുന്നത് ലൈസന്‍സില്ലാതെ- തുടര്‍നടപടികള്‍ സ്വീകരിക്കേണ്ടതാണ് | 1-18 |
| 22 | ബസ്റ്റാന്റ് ഫീസ് പിരിവ്-ലേല തുക മുഴുവനും ഡിമാന്റ് ചെയ്തിട്ടില്ല. | 1-19 |
| 23 | സെക്രട്ടറിയുടെ വാടക ക്വാര്‍ട്ടേഴ്സിലേക്ക് ഫര്‍ണിച്ചര്‍ വാങ്ങുന്നതിന് ചെലവഴിച്ച ₹49500 നിരാകരിക്കുന്നു. | 1-20 |

| | | |
|---|---|---|
| 24 | സെക്രട്ടറിയുടെ സാലറി ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും- ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച ₹50000 തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | ആരോഗ്യ വിഭാഗത്തിലെ ടിപ്പർ ലോറിയുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ പുതുക്കി. | 1-22 |
| 26 | പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-23 |
| 27 | സറണ്ടർ ചെയ്യാത്ത ആർജ്ജിതാവധിക്ക് കുടിശ്ശിക തുക അനുവദിച്ചു-₹4394 തിരിച്ചു പിടിക്കേണ്ടതാണ് | 1-24 |
| 28 | കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയില്ല-₹33,878 തടസ്സപ്പെടുത്തുന്നു. | 1-25 |
| 29 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 30 | സ്ട്രീറ്റ് ലൈറ്റിനു വേണ്ടി ലൈൻ വലിക്കുന്നതിന് ഡെപ്പോസിറ്റ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-27 |
| 31 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്. | 1-28 |
| 32 | ഇടവിള കിറ്റ് വിതരണം-അപാകങ്ങൾ | 1-29 |
| 33 | നെൽകൃഷി വികസന പദ്ധതി -കൃഷി നടത്തിയ ഭൂമിയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല-₹12,57,248 തടസ്സപ്പെടുത്തുന്നു | 1-30 |
| 34 | കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 35 | പെയിൻ പാലിയേറ്റീവ് കെയർ.- മുഴുവൻ മരുന്നുകളും ലഭ്യമാക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-32 |
| 36 | ലാബ് റീ ഏജന്റ് വാങ്ങൽ -എച്ച് എം സി ഫണ്ട് വിനിയോഗം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-33 |
| 37 | ഡയാലിസിസ് യൂണിറ്റ് ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത് സർക്കാർ അനുമതിയില്ലാതെ-13,30,568രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-34 |
| 38 | ടർഞ്ചിംഗ് ഗ്രൗണ്ടിലേക്ക് ബെയിലിംഗ് മെഷിൻ വാങ്ങൽ-ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-35 |
| 39 | സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ.(സ്പിൽ ഓവർ)-₹7911 നിരാകരിക്കുന്നു, ₹51269യുടെ ചെലവ് തടസപ്പെടുത്തുന്നു | 1-36 |
| 40 | വായന ശാലകളിലും,സ്കൂളുകളിലും തൊഴിൽ വാർത്ത പത്രങ്ങൾ,മാസികകൾ വിതരണം ചെയ്യൽ-രേഖകൾ ഹാജരാക്കിയില്ല- ₹18894 തടസ്സപ്പെടുത്തുന്നു. | 1-37 |
| 41 | വായനശാല ക്ലബ്ബുകളിലും, സ്കൂളുകളിലും ദിനപത്രം,തൊഴിൽ വാർത്ത | 1-38 |

| | | |
|---|---|---|
| | വിതരണം.(സ്പിൽ ഓവർ)-₹43614 തടസ്സപ്പെടുത്തുന്നു. | |
| 42 | വജ്ര ജൂബിലി ഫെലോഷിപ്പ്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-₹135000 തടസ്സപ്പെടുത്തുന്നു. | 1-39 |
| 43 | സിഡിഎസ് മെമ്പർ സെക്രട്ടറിക്ക് സ്പെഷൽ അലവൻസ് അനുവദിച്ചതിലെ അപാകങ്ങൾ- 41100രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-40 |
| 44 | മുനിസിപ്പൽ ഓഫീസ് ഫർണിച്ചർ ഇന്റീരിയർ പ്രവൃത്തി- നിർവ്വഹണത്തിലെ അപാകങ്ങൾ- ₹ 3410735 തടസത്തിൽ വെക്കുന്നു | 1-41 |
| 45 | ഓണം വിപണന മേള – പദ്ധതി നിർവ്വഹണത്തിലെ ആപാകങ്ങൾ-5100 രൂപ തടസ്സപ്പെടുത്തുന്നു | 1-42 |
| 46 | അപ്പാരൽ പാർക്ക് – പദ്ധതി നിർവ്വഹണം-അപാകങ്ങൾ | 1-43 |
| 47 | പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ -₹507120 തടസ്സപ്പെടുത്തുന്നു. | 1-44 |
| 48 | നഗരസഭയിലേക്ക് ആവശ്യമായ ശുചിത്വ ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങൽ -₹378240 തടസ്സപ്പെടത്തുന്നു | 1-45 |
| 49 | റിംഗ് കമ്പോസ്റ്റ്(സ്പിൽ ഓവർ)-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.-233580രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-46 |
| 50 | അംഗൻവാടി പോഷകാഹാരം- സപ്ലൈകോ വിതരണം ചെയ്യുന്നത് ബ്രാൻഡഡ് സാധനങ്ങൾ-വിലയിൽ സ്ഥിരതയില്ല | 1-47 |
| 51 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം- ആർ സി ബുക്കിലെ വിവരങ്ങൾ വിതരണം ചെയ്ത വാഹനവുമായി പൊരുത്തപ്പെടുന്നില്ല | 1-48 |
| 52 | പി എം എ വൈ- ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-49 |
| 53 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് അടിസ്ഥാന നികുതി ഒടുക്കു വരുത്തുന്നില്ല | 1-50 |
| 54 | പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും | 1-51 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സെക്രട്ടറിയുടെ വാടക ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച ₹49500 നിരാകരിക്കുന്നു. | 3-1 |
| 2 | സറണ്ടർ ചെയ്യാത്ത ആർജ്ജിതാവധിക്ക് കുടിശ്ശിക തുക അനുവദിച്ചു-₹4394 തിരിച്ച് പിടിക്കേണ്ടതാണ് | 3-2 |
| 3 | സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ.(സ്പിൽ ഓവർ)-₹7911 നിരാകരിക്കുന്നു. | 3-3 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ , ഇൻവെസ്റ്റ്മെന്റുകൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 20.02.21 തീയതിയിലെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരവും പുതുക്കിയ ബജറ്റ് 26.03.22 തീയതിയിലെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 27,10,21,480 | മുന്നിരിപ്പുൾപ്പെടെയുള്ള വരവാണ് മിനട്സിൽ ചേർത്തത് (55,41,94,075) |
| വരവ് | 60,22,99,700 | |
| ആകെ | 87,33,21,180 | 55,41,94,075 |
| ചെലവ് | 78,61,77,000 | 38,39,66,543 |
| നീക്കിയിരിപ്പ് | 8,71,44,180 | 17,02,27,532 |

ബജറ്റ് ചർച്ചകൾ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് അവതരണവും അംഗീകാരവും ഒരേ യോഗത്തിൽ തന്നെയാണ് നടന്നിട്ടുള്ളത്. ജെന്റർ ബജറ്റ്, പർഫോമൻസ് ബജറ്റ് ഇവ തയ്യാറാക്കാത്തതും അപാകമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 01.08.22<br>(27.07.22 AIMS) | തിരിച്ചയച്ചിട്ടില്ല |

നഗരസഭാ കൗൺസിലിന്റെ 27.07.22 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരമാണ് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത് .

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

2021-22 വർഷത്തെ ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ പരാമർശങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകളും വിശദീകരണങ്ങളും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13.04.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.31/03/2022 തീയതിയിലെ നഗരസഭ ജനറൽ ഫണ്ട് B-1 ഷെഡ്യൂളിലെ മുന്നിരിപ്പ് തുക (₹29,94,39,335), 2020-21 സാമ്പത്തിക വർഷത്തെ നഗരസഭ ജനറൽ ഫണ്ട് B-1 ഷെഡ്യൂളിലെ തുകയുമായി (₹33,91,11,405) പൊരുത്തപ്പെടുന്നില്ല. 2021-22 ലെ കാൽക്കുലേഷൻ ഷീറ്റിലും(ബി 1 ഷെഡ്യൂൾ) വ്യത്യാസം വന്നിട്ടുണ്ട്.

2. I)B-2 ഷെഡ്യൂളിലെ(ദുരിതാശ്വാസ നിധി, കണ്ടിജന്റ് സ്റ്റാഫ് പെൻഷൻ ഫണ്ട്, പോവർട്ടി അലീവിയേഷൻ ഫണ്ട്) തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

Ii)ദുരിതാശ്വാസ നിധി - 20-21 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് ₹13560 ആണ്(ബി-2 ഷെഡ്യൂൾ). 21-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വരവ് ₹26331 (ആർ പി 22 ഷെഡ്യൂൾ) ഉം ചെലവ് ₹0 ഉം ആണ്. ആയത് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയായി ( ₹13560 +₹26331)₹ 39891 ആണ് വരുന്നത് . എന്നാൽ B-2 ഷെഡ്യൂളിൽ ₹39991 യും B-17 ഷെഡ്യൂളിൽ ₹39119യും ആണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വരവ് വരേണ്ട 100 രൂപ Rent From Stadium എന്ന അക്കൗണ്ടിൽ തെറ്റായി വരവ് വച്ചതിനാലാണ് അപാകം സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബി 17 ഷെഡ്യൂളിലെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

3. B-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ തൻവർഷം മുതൽക്കൂട്ടിയ 245950973- 214120200= ₹3,18,30,773 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജേണൽ എൻട്രി നടത്തിയതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഹാജരാക്കുകയോ ഏതൊക്കെ ഇനങ്ങളിലെ തുകയാണ് മാറ്റിയിട്ടതെന്ന് വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. ജേണൽ എൻട്രി ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

4.നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച (ആർ പി 24, ബി 4 ഷെഡ്യൂളുകൾ കാണുക) ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. അതുകൊണ്ടു തന്നെ സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്നതും വിനിയോഗിക്കുന്നതുമായ തുകയുടെ കണക്കുകൾ ലഭ്യമാകാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

5. ഡെപോസിറ്റ് തുകകളുടെ വിശദാംശങ്ങൾ (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം മുതലായവ) രേഖപ്പെടുത്തുന്ന ഡെപോസിറ്റ് രജിസ്റ്റർ (31.03.22 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി, കാലികമാക്കി, സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല.

6.ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഡിപ്രീസിയേഷന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ഐ 17 (എ) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

7. തൊഴിൽ നികുതി (ജിവനക്കാർ),ഡി & ഒ ലൈസൻസ് ഫീ, വസ്തു നികുതി, പെർമ്മിറ്റ് ഫീ ഉൾപ്പെടെ എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി സി ബി പത്രിക (വാടക വരവ് , തൊഴിൽ നികുതി (ട്രേഡേഴ്സ് /ഇൻസ്റ്റിറ്റ്യൂഷൻ) എന്നിവ ഒഴികെ ) പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

8. വസ്തുനികുതി ഡിമാന്റ് ₹29537170 (I-1)ഉം കളക്ഷൻ 18787464 (RP-37)ഉം ആണ്, ആയത് പ്രകാരം ബാലൻസ് ₹10749706 രൂപ ആണ് വരുന്നത്. എന്നാൽ B-15 ൽ ബാലൻസായി ഉൾപ്പെടുത്തിയിരിക്കുന്നത് ₹8380925 രൂപയാണ്. ആയതിന് മറുപടിയായി തൻവർഷത്തെ ഡിമാന്റിനോടൊപ്പം Service Cess ഇനത്തിലുള്ള Current, Arrear (₹1932422,₹436359) തുകകൾ ഉൾപ്പടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാണ് അറിയിച്ചത്. കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതും വസ്തുനികുതിയുമായി ബന്ധപ്പെട്ട വാർഷിക കണക്കിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള 31.03.22 ലെ ഡി സി ബി റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

9.ധനകാര്യ പത്രിക പ്രകാരം വരവിനങ്ങളുടെ കണക്കുകളിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉണ്ടായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല .

| | ധനകാര്യ പത്രിക പ്രകാരം | | | റിമാർക്സ് |
|---|---|---|---|---|
| ഇനം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | |
| റെന്റ് സ്റ്റേഡിയം | ₹67500(ഐ 3) | ₹67870 (ആർ പി 3) | 0 | ₹370 തെറ്റായി വരവ് വെച്ചതിനാൽ അധികം കലക്ഷൻ വന്നിട്ടുണ്ട്. |
| Civic Amenities (Current) | ₹6505610(ഐ 3) | ₹6268655 (ആർപി37) | 0 | ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലും ₹236955 കൂടുതലായി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| Civic Amenities (Arrear) | ₹427049+93216= 520265 | ₹298457 | ₹443616(B-15) | ഡിമാന്റ് തുകകൾ രജിസ്റ്ററിലെ തുകകളുമായിപൊരുത്തപ്പെടുന്നില്ല. |
| തൊഴിൽനികുതി ട്രേഡേഴ്സ് (കറന്റ് ) | 3498936 | 2637740 | 853310(B-15) | ഡിമാന്റ് തുക രജിസ്റ്റർ പ്രകാരമുള്ള തുക (₹3491050) യുമായി പൊരുത്തപ്പെടുന്നില്ല. |

| | | | | |
|---|---|---|---|---|
| തൊഴിൽനികുതി ,(എംപ്ലോയീസ്) | 8542245 | 8386745 | 0 | (*) |
| തൊഴിൽ നികുതി കുടിശ്ശിക | ₹312674 | ₹320560 | 0 | ₹7888അധികംകലക്ഷൻ |

(*)കിട്ടാൻ ബാക്കിയുള്ള (8542245- 8386745) ₹155500 ടെ വിവരം ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ ജീവനക്കാരിൽ നിന്ന് ഈടാക്കുകയും ലഡ്ജർ അക്കൗണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

10) 2021 –22 വർഷത്തെ വാടക രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ വർഷാന്ത്യ സംക്ഷിപ്തം പ്രകാരം ആകെ ഡിമാന്റ് , കലക്ഷൻ , ബാലൻസ് തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ | | |
|---|---|---|---|
| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
| റെന്റ് ഫ്രം ബിൽഡിംഗ്സ് | 6331619+281777(arrear) | 6613396 | 0 |
| Land Rent From Nirmal BharatTrust | 65440+880(arrear) | 66280 | 0 |
| Bus Stand Fees | 675000 | 45000 | 225000 |
| Dhanesh Ram(TV ADVT) | 24850 | 24850 | 0 |
| Comfort Station | 500084 | 300050 | 200034 |
| Rent From Town Square | 67870 | 67870 | 0 |
| ആകെ | 7664823+282657(കുടിശ്ശിക) =₹79,47,480 | 7239789+ 282657(കുടിശ്ശിക) =₹75,22,446 | 425034 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| ഇനം | ഡിമാന്റ് (I-3) | കലക്ഷൻ (RP-37) | ബാലൻസ് |
|---|---|---|---|
| Rent From Stadium | 67500 | 67870 | 370 (അധികം കലക്ഷൻ) |
| Rent From Other Civic Amenities | 6505610 | 6268655 | 236955 |
| Rent From Lease Of Lands | 66280 65440+880(arrear) | 67400 | 1120(അധികം കലക്ഷൻ) |
| ആകെ | 6639390 | 6403925 | 236955 |

I.രജിസ്റ്റർ പ്രകാരം തൻവർഷം ₹ 4,25,034 കിട്ടാൻ ബാക്കിയുണ്ടെങ്കിലും ആയത് ധനകാര്യപത്രികയിലെ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച പരാമർശത്തിന് മറുപടി ഹാജരാക്കിയിട്ടില്ല.

Ii. രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഇല്ലെങ്കിലും B-15 ഷെഡ്യൂളിൽ ₹443616 കിട്ടാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല .

11. താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഫണ്ടിനങ്ങളിലെ ചെലവ് തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് ,വാർഷിക ധനകാര്യപത്രിക(I-6) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ACR പ്രകാരം | വാർഷിക ധനകാര്യപത്രിക I-6 പ്രകാരം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 2,55,51,713 | 2,55,51,713 | 2,68,25,500 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8748968+(tied)<br>6405123(untied)<br>15154091 | 12854698 | 1,31,01,669 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 77,23,756 | 77,72,290 | 78,34,375 |

12.സ്ഥാപനത്തിലെ ലോൺ രജിസ്റ്റർ പ്രകാരം ഹഡ്കോ ലോൺ രണ്ട് തവണയായി യഥാക്രമം ₹746667 , ₹746666 തിരിച്ചടച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ₹746667 യുടെ തിരിച്ചടവ് മാത്രമേ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഗ്രാന്റ് ഇൻ എയ്ഡ് ഉത്തരവുകൾ പ്രകാരം എസ് സി പി ഫണ്ടിന്റെ രണ്ടു ഗഡുക്കളിൽ നിന്നും 20000രൂപ വീതം കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ജി ഒ പ്രോജക്ടായി ഒരു ഗഡു കുറവു ചെയ്തതുമാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകയിൽ 20000രൂപ കൂടുതലായി ചേർക്കാൻ ഇടയായിട്ടുണ്ട്.

13.അംഗണവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ വികസന ഫണ്ട്-ജനറൽ ന്റെ മൂന്നു ഗഡുക്കളിൽ നിന്നും 3,21,200രൂപ വീതം കുറവു ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടു ഗഡുക്കൾ കുറവു ചെയ്തതുമായി ബന്ധപ്പെട്ട ജി ഒ പ്രോജക്ടുകൾ മാത്രമാണ് സുലേഖ ചെലവു പത്രികയിൽ വന്നിട്ടുള്ളത്

14.B-17ൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റും റിക്കൺസിലിയേഷൻ പത്രികയും ഹാജരാക്കിയിട്ടില്ല.

| കോഡ് നം | അക്കൗണ്ട് വിവരം | നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം | പാസ്ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | റിക്കൺസിലി യേഷൻ |
|---|---|---|---|---|
| 450210300 | PNB Own Fund 1000011398 | -2010903 | 18942032 | (*) |
| 450210800 | SBI E-Sand 32459081550 | 0 | ഹാജരാക്കിയിട്ടില്ല | (**) |
| 450410300 | SBI Savings 6165 | -31045 | 1757717 | ഹാജരാക്കിയിട്ടില്ല |
| 4504200100 | ICICI SWATCH BHARATH 116905000299 | 58484 | 67484 | ഹാജരാക്കിയിട്ടില്ല |
| 450610300 | SBT-IHSDP 67029767059 | 3331602 | 3596629 റിക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയെങ്കിലും വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല. | |
| 450610400 | SBI-IDSMT 1064238975 | 6879638 | 70,67,277 | വ്യത്യാസം പൊരുത്തപ്പെട്ടുത്തിയിട്ടില്ല. |

(*)ക്യാഷാകാത്ത ചെക്കുകൾ 15957661 രൂപയും നേരിട്ട് ക്രെഡിറ്റ് ആയ തുക 85450രൂപയും ക്രെഡിറ്റ് ആകാത്ത തുക 7546323രൂപയും ആണെന്നാണ് ചേർത്തത്. മേൽപ്പറഞ്ഞ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റീക്കൺസിലിയേഷനു ശേഷം വരുന്ന തുക 1,89,42,032രൂപയാണെങ്കിലും 2010903രൂപ മൈനസ്

ബാലൻസാണെന്നാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തത്.

(**)അൺക്യാഷ്ഡ് ചെക്ക് ആയി 2882254 രൂപ ഉണ്ടെന്നാണ് റിക്കൺസിലിയേഷൻ പത്രികയിൽ ചേർത്തത്. 4/21 മുതൽ ഇതേ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ലഭ്യമാക്കുകയോ മൂന്നുമാസത്തിലധികമായി ക്യാഷാകാത്ത തുക സ്റ്റേയിൽ ചെക്കായി മാറ്റുകയോ ചെയ്തിട്ടില്ല.

മുഴുവൻ അക്കൗണ്ടുകളുടെയും റീക്കൺസിലിയേഷൻ പത്രികകൾ – അൺക്യാഷ്ഡ് ,അൺക്രെഡിറ്റഡ് തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ – പരിശോധനക്കായി ഹാജരാക്കേണ്ടതും റീക്കൺസിലിയേഷൻ പത്രികകളിലെ പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

നിലവിൽ പ്രസ്തുത കണക്കുകൾ നഗരസഭയിൽ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.

15.ആർ പി 6 ഷെഡ്യൂളിൽ റീ ഇമ്പേഴ്സ് മെന്റ് ഓഫ് എക്സ് പെൻസസ് ഇനത്തിൽ രേഖപ്പെടുത്തിയ 551586രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

16. 2007 ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58(2) പ്രകാരം നോട്സ് ഓൺ അക്കൗണ്ട്, ധനകാര്യ പത്രികയുടെ ഭാഗമാക്കി സമർപ്പിച്ചിട്ടില്ല.

17. B-9 ഷെഡ്യൂളിൽ Gross Salary Payable(₹36,07,356), Net Salary Payable (₹18,20,878) എന്നീ ഇനങ്ങൾക്ക് പ്രൊവിഷൻ വെച്ചതിലൂടെ തുകയിൽ ഇരട്ടിപ്പ് വന്നിരിക്കാൻ സാധ്യതയുണ്ട് . ഗ്രോസ് സാലറി പേയബിൾ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയോ നെറ്റ് സാലറിയും ഡിഡക്ഷൻസും ചേർത്തതിനു പുറമേ ഗ്രോസ് സാലറിയും ചേർത്തതിന് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

18.സെക്രട്ടറിയുടെ ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ മുതലായ ചെലവിനങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ട തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

19. 350800100 Stale Cheque ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ₹6,99,893 യുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

21. B-11 Fixed Assets എന്ന ഷെഡ്യൂളിൽ ഉൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിലെ തുക, മുൻവർഷത്തെ നീക്കിയിരിപ്പ് തുകയുമായി തൻവർഷത്തെ RP-31 പ്രകാരമുള്ള Fixed Assetലെ തുക കൂട്ടിക്കിട്ടുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രൊജക്ട് തുകകളിൽ റിക്കവറി തുകകൾ ഉൾപ്പെടുന്നതിനാലാണ് വ്യത്യാസം വന്നിരിക്കുന്നതെന്ന മറുപടിയാണ് നൽകിയത്. അതുകൊണ്ടു മാത്രം ഇത്രയും വലിയ വ്യത്യാസം വരില്ല എന്നതിനാൽ മറുപടി തൃപ്തികരമല്ല.

| കോഡ് | 31-03-2021 ലെ നീക്കിയിരിപ്പ്(ബി-11 ) പ്രകാരം | തൻവർഷത്തെ RP-31 പ്രകാരമുള്ള Fixed Assetലെ തുക | B-11(20-21)+ RP-31 (21-22) | 31-03-2022 ലെ നീക്കിയിരിപ്പ്(ബി-11 ) പ്രകാരം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 410300200 Black Topped Roads | 12,80,13,633 | 99,474 | 12,81,13,107 | 13,33,66,416 |
| 410310200 Drainage | 3,99,07,458 | 17,11,248 | 4,16,18,706 | 4,20,67,852 |

22. സ്ഥിരനിക്ഷേപം സംബന്ധിച്ച് ബി 11ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും എഫ് ഡി റസീറ്റുകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 4-6 ൽ ചേർത്തിട്ടുണ്ട്.

23. B-15 ഷെഡ്യൂളിൽ ഉൾപ്പെട്ട 431409901 Other Receivable (Current)-₹71,25,728, 431409901 Other Receivable (Arrear) 3,78,18,980 എന്നീ ഇനങ്ങളിലായി നഗരസഭാ ഫണ്ടിലേക്ക് കിട്ടാനുള്ള തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

24.ടി എസ് ബി അക്കൗണ്ട് റീക്കൺസിലിയേഷനിൽ (799013000000725 ) EPOC ക്ലിയറൻസ് എന്ന് രേഖപ്പെടുത്തി 29950രൂപ ചേർത്തിട്ടുണ്ട്.(17450+12500) പ്രസ്തുത തുക പ്രൊജക്ട് നമ്പർ96/2019 ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്" തുക കൈമാറാതെ തിരിച്ചുവന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൈമാറാതിരിക്കാനുള്ള കാരണം കണ്ടെത്തേണ്ടതും ഉചിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

25.B-14 ഷെഡ്യൂൾ പ്രകാരമുള്ള സ്റ്റോക്ക് ഇൻ ഹാൻഡ് ₹63,11,420 രൂപയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

26. ധനകാര്യ പത്രിക പ്രകാരമുള്ള തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ /ട്രേഡേഴ്സ്) എന്ന ഇനത്തിലെ തുക സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ധനകാര്യപത്രിക പ്രകാരം (Current) | ധനകാര്യപത്രിക പ്രകാരം (Arrear) | രജിസ്റ്റർ പ്രകാരം (Current) | രജിസ്റ്റർ പ്രകാരം (Arrear) |
|---|---|---|---|---|
| ഡിമാന്റ് | 34,98,936 (I-1) | 312674(B-15 20-21) | 28,99,090 | 325840 |
| കലക്ഷൻ | 26,37,740 (RP-37) | 3,20,560(RP-37) | 24,97,180 | 310240 |
| നീക്കിയിരിപ്പ് | 8,53,310 ** | 0 | 401910 | 15600 |

**ഡിമാന്റ് തുകയിൽ നിന്നും കലക്ഷൻ തുക കുറവ് വരുത്തിയാൽ ₹861196 കിട്ടാൻ ബാക്കിയുണ്ടെങ്കിലും 2020-21 ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-15 ൽ കിട്ടാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് ₹8,53,310 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

27. നഗര സഞ്ചയ വിഹിതമായി 31.03.21 ന് ലഭിച്ച ₹7,75,00,000 രൂപ 31.03.22 വരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത തുക സംബന്ധിച്ച വിവരം ധനകാര്യപത്രികയിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തത് അപാകമാണ് . ലഭ്യമായ തുക ഏത് രീതിയിൽ എത്ര കാലാവധിക്കുള്ളിൽ ഏതാവശ്യത്തിന് വിനിയോഗിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

28. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58(3) ലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

29. B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഇനങ്ങൾക്കായി അനുവദിച്ച മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

30. തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നം 303/22 "വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി ലൈൻ വലിക്കൽ " പ്രകാരം കെ എസ് ഇ ബി കരിമ്പം സെക്ഷനിൽ ₹14,19,776 യും കെ എസ് ഇ ബി തളിപ്പറമ്പ സെക്ഷനിൽ ₹30,51,017 യും മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

31.ഐ 18 ഷെഡ്യൂളിൽ പ്രയർ പിരിയഡ്- റവന്യൂ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് ഇനത്തിൽ 3,96,72,070രൂപ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അഡ്ജസ്റ്റ്മെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

32.സാമൂഹ്യ സുരക്ഷാ പെൻഷൻ- 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്ത 2020-21 ലെ പെൻഷൻ ഐ 6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.(വിശദവിവരങ്ങൾ ഖണ്ഡിക 1-7-1ൽ ചേർത്തിട്ടുണ്ട്)

33.ബാലൻസ് ഷീറ്റിൽ ഹഡ്കോ ലോൺ ഇനത്തിൽ അവശേഷിക്കുന്ന തുക ആസ്തി ഭാഗത്തും ബാധ്യതാ ഭാഗത്തും ഉൾപ്പെടുത്തിയതിന് വിശദീകരണമായി ഭവന നിർമ്മാണ ആവശ്യത്തിലേക്കാണ് നഗരസഭക്ക് Hudco Loan അനുവദിച്ചിട്ടുള്ളത് എന്നും ലോൺ അടവാക്കുന്ന മുറക്ക് ആസ്തി ക്രീയേറ്റ് ചെയ്യുന്നതിനാലാണ് ആസ്തി ബാധ്യത ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുമുള്ള മറുപടിയാണ് നൽകിയത്.മറുപടി തൃപ്തികരമല്ല.

34.ഭവന നിർമ്മാണ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചതിന് വിശദീകരണമായി (ആകെ ചെലവ് 48,48,000രൂപ) കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കുന്ന തുക സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് വന്നതിന് ശേഷം കണ്ടിജന്റ് ബിൽ തയ്യാറാക്കി ഗുണഭോക്താക്കൾക്ക് നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത് എന്നാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള തുക ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

35.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

36.ഐഡിഎസ് എം ടി, ഐ എച്ച് എസ് ഡി പി അക്കൗണ്ടുകൾ പലിശ വരവ് വരുന്നതൊഴിച്ചാൽ വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുകയാണ്. പ്രസ്തുത അക്കൗണ്ടുകളിൽ 31.03.22 തീയതിയിൽ യഥാക്രമം 70,67,277രൂപയും 35,96,629 രൂപയും നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക, സമയബന്ധിതമായി , അനുവദിച്ച ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാത്ത പക്ഷം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കേണ്ടതും അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11,93,97,580 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,49,90,076 |
| ആകെ | 33,43,87,656 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29,16,89,194 |

| | |
|---|---|
| നീക്കിയിരിപ്പ് | 4,26,98,462 |
| വരവിനങ്ങളിലുള്ള നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹61,805 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹74,96,346 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്, ജനറൽ | 0 | 2,84,26,000 | 2,84,26,000 | 2,79,68,646 | 457354 |
| വികസനഫണ്ട് എസ്.സി.പി | 0 | 23,65,000 | 23,65,000 | 10,81,475 | 12,83,525 |
| മെയിന്റനൻസ്ഗ്രാന്റ്, റോഡ് | 0 | 1,67,27,000 | 1,67,27,000 | 72,07,316 | 95,19,684 |
| മെയിന്റനൻസ് ഗ്രാന്റ് , നോൺ-റോഡ് | 0 | 1,71,64,901 | 1,71,64,901 | 78,34,375 | 93,30,526 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 0 | 1,95,85,342+ 147087പലിശ | 1,95,85,342+ 1,47,087= 1,97,32,429 | 64,05,123 | 1,31,80,219+ 1,47,087 = 1,33,27,306 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 0 | 4,16,62,880 | 4,16,62,880 | 87,48,968 | 3,29,13,912 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 25,59,836 | 76,06,890 | 1,01,66,726 | 84,76,647 | 16,90,079 |
| കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 1,14,21,725 | 30,49,857 | 1,44,71,582 | 41,40,723 | 1,03,30,859 |
| ഗ്രാന്റ്ഫോർപ്രോജക്ട്സ് | 1,17,93,007 | 1,10,385 | 1,19,03,392 | 1,06,57,945 | 12,45,447 |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുംവിഹിതങ്ങളും | 31,832 | 2,51,085 | 2,82,917 | 2,51,085 | 31,832 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 317 | 291231648 | 164 | 98653813 | 8 | 153 | 156 | 49.2 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 6097898 | 2815478 | 46.17 |
| സീനിയർ വെറ്റിനറി സർജൻ | 8 | 8 | 3070000 | 2422516 | 78.9 |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 5 | 5 | 6103864 | 5632753 | 92.28 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 0 | 200000 | 0 | 0 |
| ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദ | 2 | 2 | 30,00,000 | 20,00,000 | 66.67 |
| ഐസിഡിഎസ് സൂപ്പർവൈസർ | 3 | 3 | 7862000 | 7610575 | 96.8 |
| പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 11 | 5 | 11468660 | 9431626 | 82.26 |
| സെക്രട്ടറി | 20 | 11 | 13900567 | 9268154 | 66.67 |
| മുനിസിപ്പൽ എഞ്ചിനീയർ | 252 | 117 | 218841979 | 55371477 | 25.3 |
| ഹെഡ്മാസ്റ്റർ | 6 | 4 | 3814180 | 313375 | 8.22 |
| ഹെൽത്ത് ഓഫീസർ | 4 | 4 | 16749500 | 3769859 | 22.5 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 123000 | 18000 | 14.6 |
| ആകെ | 317 | 164 | 29,12,31,648 | 9,86,53,813 | 33.87 |

പി എം എ വൈ ഭവന പദ്ധതികൾക്കായി ചെലവഴിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ പദ്ധതികളുടെ ഭാഗമാക്കിയിട്ടില്ല.പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ ഫണ്ടുകളും അടങ്കലിൽ ഉൾപ്പെടുത്തി പ്രോജക്ടുകളുടെ ഭാഗമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ട് പ്രകാരവും(അക്കൗണ്ട് നമ്പർ 4804000100026207) ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ റിപ്പോർട്ട് പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11,30,534 |
| വരവ് | 75,67,402 |
| ആകെ | 86,97,936 |
| ചെലവ് | 84,76,647 |
| നീക്കിയിരിപ്പ് | 2,21,289 |

പോവർട്ടി അലീവിയേഷൻ ഫണ്ടിനത്തിൽ വാർഷിക ധനകാര്യപത്രികയിൽ ചേർത്ത(ബി2 ഷെഡ്യൂൾ) 16,50,591 രൂപയിൽ 14,29,302രൂപ യു പി എ ഫണ്ടിനത്തിലുള്ളതാണ്. യു പി എ ഫണ്ടിലേക്ക് പ്രതിവർഷ റവന്യൂ വരുമാനത്തിന്റെ 2% തുക നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകങ്ങൾ

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികളാണ് 2021-22 സാമ്പത്തിക വർഷം നഗരസഭ നടപ്പാക്കിയത്

1.തരിശു ഭൂമി കൃഷിയോഗ്യമാക്കൽ

2.മഴക്കാല പൂർവ്വ ശുചീകരണം

3.തെങ്ങിന് തടം തുറക്കൽ

4.കമ്പോസ്റ്റ് കുഴി നിർമ്മാണം

5.പി എം എ വൈ ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കൾക്ക് കൂലി

6.ക്ഷീരകർഷകർക്ക് കൂലി

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തരിശു ഭൂമി കൃഷിയോഗ്യമാക്കൽ

തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ കാണിക്കുന്ന ഭൂമി കഴിഞ്ഞ മൂന്നു വർഷമായി കൃഷി ചെയ്യാതെ തരിശിട്ടതാണോ എന്ന പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. നിലമൊരുക്കൽ നടത്തിയ ഭൂമിയിൽ കൃഷി ചെയ്തിട്ടുണ്ടെന്ന സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടില്ല

അപേക്ഷകർ എല്ലാവരും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരാണോ എന്ന് വ്യക്തമല്ല. ചുരുക്കം ചില അപേക്ഷകളിൽ മാത്രമാണ് തൊഴിൽ കാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടുള്ളത്

അപേക്ഷകളിൽ രേഖപ്പെടുത്തിയ ഭൂവിസ്തൃതിയും എം ബുക്ക് പ്രകാരം പ്രവൃത്തി നടത്തിയ ഭൂവിസ്തൃതിയും പൊരുത്തപ്പെടാത്തത്

വാർഡ് 31 ൽ നടത്തിയ പ്രവൃത്തിയുടെ ഫയലിൽ ശ്രീമതി പാലങ്ങാട്ട് വീട്ടിൽ കനകവല്ലി എന്ന അപേക്ഷക 54/101,32/101 സർവ്വേ നമ്പറുകളിൽ പെട്ട 30 സെന്റ് സ്ഥലത്ത് പച്ചക്കറി/കിഴങ്ങു വിള കൃഷി നടത്തുന്നതിനായി ഭൂവികസന പ്രവർത്തനങ്ങൾ നടത്താനാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ എം ബുക്ക് നമ്പർ 299/20-21 പേജ് 1ൽ സർവ്വേ നമ്പർ 58/110 ൽ 360ച.മീ ഉം 32/101 ൽ 1800 ച മീ ഉം വിസ്തൃതിയിൽ ഭൂവികസന പ്രവർത്തനങ്ങൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാരി സമർപ്പിച്ച കരമടവ് രശീതി പ്രകാരം (തണ്ടപ്പേര് നമ്പർ 785) അപേക്ഷകയുടെ പേരിലുള്ള ആകെ ഭൂമിയുടെ വിസ്തൃതി 1881 ച മീറ്റർ മാത്രമാണെന്നിരിക്കെ 2160 ച മീറ്റർ (54സെന്റ് സ്ഥലം) സ്ഥലത്ത് ഭൂവികസന പ്രവർത്തനങ്ങൾ നടത്തിയതായി രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല.

ഇതേ വാർഡിൽ കുതിരുമ്മൽ മോഹനൻ എന്ന അപേക്ഷകൻ പച്ചക്കറി / വാഴ കൃഷി നടത്തുന്നതിനായി 1649 ച മീറ്റർ സ്ഥലത്ത് പ്രവൃത്തി നടത്താനാണ് അപേക്ഷിച്ചതെങ്കിലും 2250 ച മീറ്റർ സ്ഥലത്ത് പ്രവൃത്തി ചെയ്തിട്ടുണ്ട്.

സമാന അപാകങ്ങൾ മറ്റ് ഫയലുകളിലും ആവർത്തിക്കുന്നുണ്ട്. കൃത്യമായ പരിശോധന നടത്താതെയാണ് പ്രവൃത്തി നടത്തുന്നത് എന്ന വസ്തുതയിലേക്കാണ് മേൽ അപാകങ്ങൾ വിരൽ ചൂണ്ടുന്നത്. ഉചിത നടപടികൾക്കായി വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

ഡാറ്റ തയ്യാറാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല

ഏത് മാനദണ്ഡ പ്രകാരമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഡാറ്റ തയ്യാറാക്കുന്നത് എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

മസ്റ്റർ റോൾ

ഓരോ ആറ് ദിവസത്തേക്കും ഒരു മസ്റ്റർ റോൾ ഉപയോഗിക്കാനം , ഓരോ ആഴ്ച്ചയിലും പരമാവധി 14 ദിവസത്തിനകം കൂലി നല്കാനുമാണ് തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതെങ്കിലും എത്ര ദിവസത്തെ പ്രവൃത്തിയായാലും ഒരോ പ്രവൃത്തിക്കു വേണ്ടിയും ഒറ്റ നമ്പറില്ലുള്ള മസ്റ്റർ റോൾ ഉപയോഗപ്പെടുത്തുകയും കൂലി ഒരുമിച്ച് നല്കുകയും ചെയ്യുന്ന പ്രവണതയാണ് നഗരസഭയിൽ കാണുന്നത്. 31 ദിവസത്തെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള മസ്റ്റർ റോളാണ് ഗ്രാമലക്ഷ്മിയിൽ നിന്നും ലഭ്യമായതെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കൂലി ഒരുമിച്ച് നല്കുന്നതെന്നുമാണ് അറിയിച്ചത്. മറുപടി തൃപ്തികരമല്ല.

മഴക്കാല പൂർവ്വശുചീകരണം

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിലെ ഡ്രെയിനേജുകൾ വൃത്തിയാക്കുന്ന പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ഇതേ പ്രവൃത്തി തന്നെ ശുചിത്വ മിഷൻ ഫണ്ടും തനതു ഫണ്ടും ഉപയോഗപ്പെടുത്തി വാർഡ് സാനിറ്റേഷൻ സമിതികൾ വഴിയും ചെയ്തു വരുന്നുണ്ട്. (വാർഡിന് 20000രൂപ വച്ച് ചെലവഴിക്കുന്നു.). ഒരേ സ്ഥലത്തു തന്നെ രണ്ട് പ്രവൃത്തികളും നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രവൃത്തി ഫയലുകളിൽ കൃത്യമായ ലൊക്കേഷൻ രേഖപ്പെടുത്താത്തതും അപാകമാണ്.

സഉ(കൈ)നമ്പർ216/2017/തസ്വഭവ തീയതി 03.11.2017 ഉത്തരവു പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് . പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 1.3 ൽ നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റ് തരത്തിൽ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരികയും ചെയ്യുന്ന അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് ഇത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തെങ്ങിന് തടം തുറക്കൽ പോലുള്ള മിക്കവാറും ഭൂവികസന പ്രവർത്തനങ്ങളും നടത്തുന്നത് മുൻഗണനേതര വിഭാഗക്കാരുടെ ഭൂമിയിലാണെന്നതിനാൽ പ്രസ്തുത വിഭാഗത്തിൽ പെട്ടവർക്ക് അനർഹമായ ആനുകൂല്യം ലഭിക്കാൻ ഇടയാകുന്നുണ്ട്.തെങ്ങിന് തടം തുറക്കൽ പ്രവൃത്തി ഏറ്റെടുത്തത് ഏത് മാനദണ്ഡ പ്രകാരമാണെന്നും വ്യക്തമല്ല. അനർഹക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക*(*)* | ഗുണഭോക്താക്കളുടെ എണ്ണം *(**)* |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 41,66,800 | 245 |
| വിധവാപെൻഷൻ | 2,41,50,000 | 1485 |
| വാർദ്ധക്യകാലപെൻഷൻ | 4,12,67,000 | 2662 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 68,17,300 | 441 |
| 50വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 20,05,800 | 129 |
| വിവാഹ ധനസഹായം | 8,10,000 | 27 |

*(*)*2021-22 ലെ പെൻഷൻ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്ത തുക മാത്രമാണിത്. വാർഷിക ധനകാര്യ പത്രികയിൽ 2020-21 ലെ പെൻഷൻ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്ത തുക ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 1-7-1 ൽ ചേർത്തിട്ടുണ്ട്.

*(**)ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി രേഖപ്പെടുത്തിയത്.*

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - കണക്കുകൾ പൂർണ്ണമല്ല

*2020-21*സാമ്പത്തിക വർഷത്തെ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. *2020-21* ലെ പെൻഷൻ വിതരണം പൂർത്തിയാകുന്നത് *2021* സെപ്തംബർ മാസത്തോടെയാണ്. അതിനു ശേഷം ഡി ബി ടി എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പെൻഷൻ ചെലവിൽ മാറ്റം വരുന്നില്ല. *2022* മാർച്ച് മാസത്തെ റിപ്പോർട്ട് പ്രകാരമുള്ള കണക്കുകളാണ് എടുത്തിട്ടുള്ളത്.

| പെൻഷൻ | 2020-21 ലെ പെൻഷൻ | വ്യത്യാസം | 2021-22ലെ | 2021-22 | ട്രാൻസാ | ആവറേജ് |
|---|---|---|---|---|---|---|

| തരം | As On 31.03.21 | As On 31.03.22 (2020-21 ലെ ആകെ പെൻഷൻ വിതരണം) | (2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്) | പെൻഷൻ അതേ വർഷം വിതരണം ചെയ്തത് - (ഐ 6 ഷെഡ്യൂൾ) | സാമ്പ ത്തിക വർഷം ആകെ വിതരണം ചെയ്ത തുക (4)+(5) | ക്ഷൻ കൗണ്ട് 2020-21 (Ason 31.03.22) | പെൻഷൻ (പെൻഷൻ തുക/ ട്രാൻസാക്ഷൻ കൗണ്ട് – As On 31.03.22) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| കർഷക തൊഴിലാളി പെൻഷൻ | 43,47,900 | 63,50,000 | 20,02,100 | 41,66,800 | 61,68,900 | 3225 | 63,50,000/3225 = 1969 |
| വിധവാ പെൻഷൻ | 2,33,34,700 | 3,45,78,100 | 1,12,43,400 | 2,41,50,000 | 3,53,93,400 | 16683 | 3,45,78,100/16683 = 2073 |
| വാർദ്ധക്യ കാല പെൻഷൻ | 3,83,88,100 | 5,73,93,300 | 1,90,05,200 | 4,12,67,000 | 6,02,72,200 | 28963 | 5,73,93,300/ 28963 = 1982 |
| ഭിന്നശേഷി യുള്ളവർക്കുള്ള പെൻഷൻ | 6582700 | 97,80,100 | 31,97,400 | 68,17,300 | 1,00,14,700 | 4758 | 97,80,100/4758 = 2056 |
| 50വയസ്സിനു മുകളിലുള്ള അവിവാ ഹിത കൾക്കുള്ള പെൻഷൻ | 18,80,600 | 28,15,200 | 9,34,600 | 20,05,800 | 29,40,400 | 1389 | 28,15,200/1389 = 2027 |

സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹67802 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ

സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട് . ഓഫീസ് ഉത്തരവുകൾ വഴി ചുമതലാ ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. റവന്യൂ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നത് അപാകമാണ്(തൊഴിൽ നികുതി ഒഴികെ) വസ്തു നികുതിയുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 31.03.22 ലെ വസ്തു നികുതി ഡി സി ബി പത്രിക സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലും വീഴ്ച്ചകൾ സംഭവിച്ചിട്ടുണ്ട്.

വിവിധ ആവശ്യങ്ങൾക്കായി നിരവധി ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ പേരിലുണ്ട്. രജിസ്റ്റർ ഓഫ് ബാങ്ക് അക്കൗണ്ട്സ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ അക്കൗണ്ടുകൾ പ്രകാരമുള്ള വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന പരിശോധന സാധ്യമായിട്ടില്ല

നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറിയിൽ നിന്ന് മാറിയെടുത്ത ശേഷം പെൻഷൻ അംശദാനം ഉൾപ്പെടെയുള്ള തുക നഗരസഭാ ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായിരുന്നുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു കണക്കുകളും നഗരസഭയുടെ കൈയ്യിൽ ഇല്ലാത്ത സാഹചര്യമാണ്. സെക്രട്ടറിയുടെ ശമ്പള ബില്ലുകളും നഗരസഭയിൽ ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുക ബാധ്യതയായി ഉൾപ്പെടുത്താതിരുന്നതും അപാകമാണ്.

Pension Fund For Contigent Staff എന്ന ഹെഡിൽ 1,09,58,282രൂപ മൈനസ് ബാലൻസ് വന്നതിന്റെ കാരണം പരിശോധിക്കപ്പെടേണ്ടതുണ്ട്. (വാർഷിക ധനകാര്യ പത്രിക ബി2 ഷെഡ്യൂൾ).

പദ്ധതി മോണിറ്ററിംഗ് , ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി അവലോകനം ,മോണിറ്ററിംഗ് തുടങ്ങിയ അജണ്ടകൾ ഉൾപ്പെടുത്താതിരുന്നതും അപാകമാണ്. പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല.

2021-22 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ ലിസ്റ്റുകൾക്ക് വാർഡു സഭകൾ സാധൂകരണം നല്കിയിട്ടില്ലാത്തതിനാൽ ലിസ്റ്റുകളുടെ സുതാര്യത ഉറപ്പു വരുത്തിയതായി കരുതാൻ കഴിയില്ല. ഹാജരാക്കിയ അപേക്ഷകളും അപൂർണ്ണമായിരുന്നു.

ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിലേക്ക് നഗരസഭാ കൗൺസിലിന്റെയും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഡ് സഭ

തളിപ്പറമ്പ നഗരസഭയിൽ 34 വാർഡുകളാണുള്ളത്. അതിദരിദ്രരുടെ പട്ടിക അംഗീകരിക്കുന്നതിനായി 20 വാർഡുകളിൽ 2022 ഫിബ്രവരി മാസം വാർഡു സഭകൾ സമ്മേളിച്ചിട്ടുണ്ട്. എന്നാൽ വാർഡുസഭകളിൽ നിക്ഷിപ്തമായ പ്രധാനപ്പെട്ട മറ്റ് ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി ഒരു തവണ പോലും വാർഡുസഭകൾ സമ്മേളിച്ചിട്ടില്ല എന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ്. കോവിഡ് പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനില്ക്കുന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദങ്ങളിൽ വാർഡുസഭാ യോഗങ്ങൾ സമ്മേളിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് അംഗീകരിക്കാമെങ്കിലും മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ചെയ്തതു പോലെ ജനുവരി , ഫിബ്രവരി മാസങ്ങളിൽ യോഗം ചേർന്ന് നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റാതിരുന്നത് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-11 നഗരസഭാ കൗൺസിൽ മിനുട്സ് അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം

നഗരസഭാ കൗൺസിൽ മിനുട്സ് സകർമ്മ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിലാണ് തയ്യാറാക്കി വരുന്നത്. തയ്യാറാക്കുന്ന മിനുട്സ് ചെയർമാന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കൗൺസിൽ തീയതി | സെക്രട്ടറി മിനുട്സ് ചെയർമാന് സമർപ്പിച്ച തീയതി | ചെയർമാൻ അംഗീകരിച്ച തീയതി |
|---|---|---|
| 22.02.21 | 04.03.21 | 04.03.21 |
| 25.06.21 | 12.07.21 | 12.07.21 |
| 30.07.21 | 08.09.21 | 08.09.21 |
| 29.10.21 | 18.11.21 | 18.11.21 |
| 30.11.21 | 16.12.21 | 16.12.21 |
| 26.03.22 | 07.04.22 | 07.04.22 |

മിനുട്സ് യഥാസമയം അംഗീകാരത്തിന് സമർപ്പിക്കാതിരിക്കുന്ന വിഷയം ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/09.04.23 ന് നല്കിയ മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിൽ തീരുമാനങ്ങൾ യഥാസമയം സകർമ്മ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ തയ്യാറാക്കി അംഗീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് . പ്രസ്തുത വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-12 താലൂക്ക് ആശുപത്രിയിലെ പേ വാർഡ്,സർക്കാർ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 235(ബിഎ), ഗവ.സർക്കുലർ നം.49590/RSC2/2011/തസ്വഭവ തീയതി 12.04.12 എന്നിവ പ്രകാരം സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്കുമാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവുള്ളത്. തളിപ്പറമ്പ് മുനിസിപ്പാലിറ്റിയുടെ പരിധിയിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുബന്ധ കെട്ടിടങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന് വസ്തു നികുതി ഈടാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 235 പ്രകാരം വസ്തു നികുതിയിൽ നിന്നുള്ള ഇളവ് ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമല്ല. KHRWS (Kerala Health Research And Welfare Society) ന്റെ കീഴിലുള്ള സർക്കാർ

ആശുപത്രികളിലെ പേ വാർഡിന് വാടക ഈടാക്കുന്നുണ്ട്. അതിനാൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റി പരിധിയിലുള്ള താലൂക്ക് ആശുപത്രിയിലെ പേ വാർഡിന് ഫ്ലോർ ഏരിയ കണക്കാക്കി വസ്തുനികുതി ഈടാക്കേണ്ടതാണ്.

## 1-13 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയത് ക്രമപ്രകാരമല്ല

സ.ഉ(എം.എസ്.)നം.358/2015/സ.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും 2013 വർഷം മുതൽ വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല. (2011 വസ്തുനികുതി പരിഷ്കരണത്തിന് മുമ്പ് പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാൻഡ് ചെയ്തിരുന്നു)

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ് | കെട്ടിട നം. | പ്ലിൻത് ഏരിയ(ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | മുഹമ്മദ്കുഞ്ഞി | 7(Salamath Nagar) | 262A | 61.1 | പാർപ്പിടാവശ്യം,വീട് |
| 2 | മുഹമ്മദ്കുഞ്ഞി | 7(Salamath Nagar) | 284A | 61.1 | പാർപ്പിടാവശ്യം,ഫ്ലാറ്റ് |
| 3 | കലിക്കോട്ട് വീട്ടിൽ മാധവി അമ്മ | 34(Chalathur) | 353I | 79.2 | പാർപ്പിടാവശ്യം,വീട് |
| 4 | കണ്ടി ബാലൻ | 6(Karyambalam) | 273C | 80 | പാർപ്പിടാവശ്യം,വീട് |
| 5 | സജ്ജയ് ജെ | 19(Palakulangara) | 3321A | 80 | പാർപ്പിടാവശ്യം,വീട് |
| 6 | പുതിയ പുരയിൽ കല്ല്യാണി | 29(Pookkoth Theru) | 881a | 80 | പാർപ്പിടാവശ്യം,വീട് |
| 7 | തോലൻ ബാലൻ | 29(Pookkoth Theru) | 964a | 80 | പാർപ്പിടാവശ്യം,വീട് |
| 8 | കല്ലിങ്കീൽ ദിനേശൻ | 2(Rajarajeswara) | 22 | 80.15 | പാർപ്പിടാവശ്യം,വീട് |
| 9 | ഉണ്ടിവളപ്പിൽ കൊട്ടൻ | 2(Rajarajeswara) | | 80.15 | പാർപ്പിടാവശ്യം,വീട് |
| 10 | പുതിയ പുരയിൽ നാരായണൻ | 34(Chalathur) | 542 | 81.78 | പാർപ്പിടാവശ്യം,വീട് |
| 11 | നസ്റീമ കെ എൻ,മറിയം കെ എൻ | 26(Ezham Mile) | 424E | 82.41 | പാർപ്പിടാവശ്യം,വീട് |
| 12 | കട്ടക്കൻ പാത്തുമ്മ,കയ്യുമ്മ,ആമിന | 7(Salamath Nagar) | 81 | 100.8 | പാർപ്പിടാവശ്യം,വീട് |
| 13 | പുത്തൻ വീട്ടിൽ കുഞ്ഞിരാമൻ | 15(Manna) | 466A | 102 | പാർപ്പിടാവശ്യം,വീട് |
| 14 | അമ്മാനകത്ത് മുക്രീരകത്ത് മുഹമ്മദ് ഹാജി | 2(Rajarajeswara) | 506a1 | 105.07 | പാർപ്പിടാവശ്യം,വീട് |
| 15 | സെയ്ത്താറകത്ത് ജമീല | 7(Salamath Nagar) | 221 | 106.2 | പാർപ്പിടാവശ്യം,വീട് |
| 16 | താഴത്ത് വീട്ടിൽഅശോകൻ | 34(Chalathur) | 220a | 107.2 | പാർപ്പിടാവശ്യം,വീട് |
| 17 | അമ്മാനകത്ത് മുക്രീരകത്ത് സൈനബ | 6(Karyambalam) | 272A | 110.67 | പാർപ്പിടാവശ്യം,വീട് |
| 18 | പി കെ അബ്ദുള്ള | 6(Karyambalam) | 389 | 128.5 | പാർപ്പിടാവശ്യം,വീട് |
| 19 | കക്കോട്ടകത്ത് വളപ്പിലെ പുരയിൽ ഫാത്തിമ | 11(Pushpagiri) | 87A | 129 | പാർപ്പിടാവശ്യം,വീട് |
| 20 | ചെറിയ പുരയിൽ കുഞ്ഞിപാറു | 25(Koovode) | 395 | 148 | പാർപ്പിടാവശ്യം,വീട് |
| 21 | റോസമ്മഅബ്രഹാം | 12(Allamkulam) | 328 | 150.12 | പാർപ്പിടാവശ്യം,വീട് |

| | | | | | |
|---|---|---|---|---|---|
| 22 | പുതിയ പുരയിൽ സജിത,തറമ്മൽ പുതിയ പുരയിൽ പ്രകാശൻ | 31(Manthamkund) | 124 | 154.94 | പാർപ്പിടാവശ്യം,വീട് |
| 23 | പെരുന്തട്ട ഇറ്റിശ്ശേരി നാരായണൻ നമ്പൂതിരി | 34(Chalathur) | 386 | 162 | പാർപ്പിടാവശ്യം,വീട് |
| 24 | കായക്കൂൽ കുഞ്ഞാമിന | 8(Kundamkuzhi) | 7b | 177.17 | പാർപ്പിടാവശ്യം,വീട് |
| 25 | കിഴക്കിലോട്ട് വീട്ടിൽ രാമചന്ദ്രൻ | 2(Rajarajeswara) | 187 | 185.22 | പാർപ്പിടാവശ്യം,വീട് |
| 26 | കാലിപറമ്പിൽ ദാക്ഷായണി | 3(Puzhakkulangara) | 249A | 190 | പാർപ്പിടാവശ്യം,വീട് |
| 27 | കുട്ടക്കൻ മായൻ ഹാജി,വരമ്പുമുറിയൻ പിലാവിൻറെ കീഴിൽ ഫാത്തിമ,വരമ്പുമുറിയൻ പിലാവിൻറെ കീഴിൽ മുഹമ്മദ് അഷ്റഫ് | 12(Allamkulam) | 591a | 191.99 | പാർപ്പിടാവശ്യം,വീട് |
| 28 | ആറുകണ്ടത്തിൽ ചിറ്റീഴിൽ രാജേഷ് | 31(Manthamkund) | 113 | 199.13 | പാർപ്പിടാവശ്യം,വീട് |
| 29 | രാജേഷ് എ സി | 31(Manthamkund) | 113A1 | 199.13 | പാർപ്പിടാവശ്യം,വീട് |
| 30 | മുഹമ്മദ് കുഞ്ഞി കെ | 10(Asad Nagar) | 387 | 234.98 | പാർപ്പിടാവശ്യം,വീട് |
| 31 | ചുള്ളിയോടൻ പൊട്ടിച്ചി മൊയ്ദീൻ,പാറോൽ ആയിഷ | 7(Salamath Nagar) | 252B | 274.6 | പാർപ്പിടാവശ്യം,വീട് |
| 32 | സി മുഹമ്മദ്കുഞ്ഞി | 14(Badariya Nagar) | 69 | 288 | പാർപ്പിടാവശ്യം,വീട് |
| 33 | എ പി ഹമീദ് ഹാജി | 22(Kakkanchal) | 173A | 415.18 | പാർപ്പിടാവശ്യം,വീട് |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(34/22.4.23) ടി കെട്ടിടങ്ങളുടെ Form6 വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നും അസസ്മെന്റ് രജിസ്റ്ററിൽ മേൽ പറഞ്ഞ എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി അസസ് ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കാത്ത മുഴുവൻ കെട്ടിടങ്ങളുടെയും Form6 തയ്യാറാക്കി 31.05.2023 നകം റിവിഷൻ പ്രകാരം ഡാറ്റാ എൻട്രി നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. അപാകം പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 സഞ്ചയയിൽ Active Building ആയ വാണിജ്യകെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാൻഡ് ചെയ്യുന്നില്ല.

സഞ്ചയയിൽ നിന്നുള്ള വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഏതാനും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഡിമാൻഡ് ചെയ്യുന്നില്ല എന്ന കണ്ടു. ആയവ സഞ്ചയയിൽ നിലവിൽ Active Building ആണ്. എന്നാൽ Form6 ഡീറ്റെയിൽസ് ചേർത്തിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ് | കെട്ടിട നം. | പ്ലിൻത് ഏരിയ (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | അബ്രഹാം എം എ | 2(Rajarajeswara) | 50a1 | 142.04 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 2 | കെ പി ഉമ്മർക്കുട്ടി,അബ്ദുൾസലാം | 4(Mukkola) | 19A | 44 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 3 | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 8(Kundamkuzhi) | 468A1 | 22.6 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 4 | സി മുഹമ്മദ്കുഞ്ഞി | 14(Badariya | 70 | 80 | വാണിജ്യാവശ്യം,ഷോപ്പുകൾ |

| | | | | | |
|---|---|---|---|---|---|
| | | Nagar) | | | |
| 5 | സി മുഹമ്മദ്കുഞ്ഞി | 14(Badariya Nagar) | 71 | 80 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 6 | സി മുഹമ്മദ്കുഞ്ഞി | 14(Badariya Nagar) | 72 | 80 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 7 | മൊയ്തീൻ കുട്ടി ഹാജി കെ പി, മുത്തവല്ലി ജുമാ മസ്ജിദ് | 14(Badariya Nagar) | 2441A | 19.2 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 8 | കൊഴക്കൽ മഠത്തിൽ മുഹമ്മദ് ഷബീർ | 16(Habeeb Nagar) | 339B | 4 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 9 | കക്കോട്ടകത്ത് മറിയം,ഹാജിറ,ആസ്യ | 16(Habeeb Nagar) | 581A | 16.14 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 10 | കട്ടക്കൻ ആയിസ്സുമ്മ,ആലികുഞ്ഞി | 16(Habeeb Nagar) | 839 | 15.36 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 11 | ആറ്റമ്മാരകത്ത് പുതിയ പുരയിൽ അബ്ദുൾ മജീദ് | 16(Habeeb Nagar) | 853 | 8.4 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 12 | ചപ്പൻറകത്ത് മുഹമ്മദ് കുഞ്ഞി,ഉമ്മർ കുട്ടി | 16(Habeeb Nagar) | 854A | 8.4 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 13 | അബ്ദുള്ള എം പി | 16(Habeeb Nagar) | 888A | 21 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 14 | കക്കോട്ടകത്ത് പുതിയ പുരയിൽ മുസ്തഫ | 16(Habeeb Nagar) | 961A | 22.5 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 15 | മുസ്ലീം ലീഗ് കമ്മറ്റി | 16(Habeeb Nagar) | 1107 | 16 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 16 | കായക്കൂൽ ഖദീജ | 16(Habeeb Nagar) | 1262 | 83.61 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 17 | പൈലോട്ടു പുതിയ പുരയിൽ ഖദീജ | 17(Town) | 1253A | 100 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 18 | പ്രസിഡണ്ട് തളിപറമ്പ സർവീസ് കോ ഓപ് ബാങ്ക് ലിമിറ്റഡ് | 17(Town) | 2336A | 1536 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 19 | അണ്ണാച്ചീരകത്ത് പുതിയ പുരയിൽ ഉമ്മർ കുട്ടി,മുഹമ്മദ് അഷ്റഫ് | 29(Pookkoth Theru) | 179 | 43 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 20 | സി നബീസ | 29(Pookkoth Theru) | 457 | 20 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 21 | സി ഉമ്മർകുഞ്ഞി,സി ഹസ്സൻ | 29(Pookkoth Theru) | 810 | 12 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 22 | സി ഉമ്മർകുഞ്ഞി,സി ഹസ്സൻ | 29(Pookkoth Theru) | 814 | 8 | വാണിജ്യാവശ്യം,ഷോപ്പുകൾ |
| 23 | അബ്ദുള്ള എം കെ | 32(Palayad) | 610 | 19.84 | വാണിജ്യാവശ്യം,ഷോപ്പുകൾ |

പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തുനികുതി ഡിമാൻഡ് ചെയ്യാത്തത് പരാമർശിച്ച് നൽകിയ എൻക്വയറിക്ക്(35/22.4.23) മേൽ കെട്ടിടങ്ങളെ വസ്തുനികുതി ഡിമാൻഡിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്നും കെട്ടിടങ്ങളുടെ Form6 വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നും അസസ്മെന്റ് രജിസ്റ്ററിൽ മേൽ പറഞ്ഞ എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി അസസ് ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കാത്ത മുഴവൻ കെട്ടിടങ്ങളുടെയും Form6 തയ്യാറാക്കി 31.05.2023 നകം റിവിഷൻ പ്രകാരം ഡാറ്റാ എൻട്രി നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട് . മേൽ കെട്ടിടങ്ങളുടെ നിലവിലെ

സ്ഥിതി ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതും അപാകങ്ങൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ബൈലോയ്ക്ക് സർക്കാർ അംഗീകാരം വാങ്ങിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെയും, മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെയും,പുളിമ്പറമ്പ് വ്യവസായ എസ്റ്റേറ്റിലെയും മുറികൾ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും, നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലോ യഥാക്രമം 29.4.2005,29.3.2010,10.6.2009 തീയ്യതികളിലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബൈലോയ്ക്ക് നാളിതുവരെ സർക്കാർ അംഗീകാരം വാങ്ങിച്ചതായി കാണുന്നില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എഫ് ടി ഇ & ഒ എസ് ലൈസൻസ് -അപാകങ്ങൾ

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത.സ്വ.ഭ.വ തീ-30.10.2020പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 ൽ നിലവിൽ വന്നിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(1)നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യം, ആയുർവേദിക് മസാജ് സെന്റർ,മാരേജ് ബ്യൂറോ, ഡ്രൈവിംഗ് സ്കൂൾ,മൊബൈൽ ടവറുകൾ,കേബിൾ ടി.വി, ഹോംനഴ്സിംഗ്/പ്ലേസ്മെന്റ് സ്ഥാപനങ്ങൾ, യോഗപരിശീലനം, കമ്പ്യൂട്ടർ പരിശീലനകേന്ദ്രം, ബാങ്ക് കോച്ചിംഗ് സെന്റർ,പി.എസ്.സി കോച്ചിംഗ് സെന്റർ,എജ്യുക്കേഷൻ കൺസൾട്ടൻസി,പാരലൽ കോളേജുകൾ, കള്ള്ഷാപ്പ്,ടർഫ്, വിവാഹ ബ്യൂറോ, ആധാരമെഴുത്തുകാർ, സിനിമാ തിയറ്റർ, ടാക്സ് കൺസൽട്ടൻസികൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/2021-22/25.4.2023) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മുകളിൽ പരാമർശിച്ച ഇനത്തിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ഈടാക്കിയ ഫീസ് ,സ്ഥാപനം സ്ഥിതി ചെയ്യുന്ന വാർഡ് നം. ഡിമാന്റ് ചെയ്ത തുക സംബന്ധിച്ച വിവരം,എന്നിവ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെയും,ഈടാക്കിയ ഫീസിന്റെയും വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

(2)പുളിമ്പറമ്പ് വ്യവസായ എസ്റ്റേറ്റിലെ 33/38(B),33/38(C),33/38(D),33/38(8) എന്നീ മുറികൾക്ക് എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്തതുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത സ്ഥാപനങ്ങൾ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്തിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത് . എന്നാൽ മുകളിൽ പരാമർശിച്ച സ്ഥാപനങ്ങൾ യഥാക്രമം FAHEEMA.C.P, RAHMATH.AK, THASLEEMA HASSAN, E.V.RAJEESH എന്നിവർ 2021-22 സാമ്പത്തിക വർഷം നഗരസഭയിൽ നിന്ന് വാടകയ്ക്കെടുത്തിട്ടുണ്ട്. ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നോ എന്ന് പരിശോധിക്കേണ്ടതും നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3). ലൈസൻസ് രജിസ്റ്ററിൽ വാർഷീക സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രജിസ്റ്ററിൽ വാർഷീക സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് അനുബന്ധരേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 സ്വകാര്യമാർക്കറ്റ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 460പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഏതൊരു സ്വകാര്യമാർക്കറ്റും നഗരസഭയിൽ നിന്നുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കാൻ പാടില്ലാത്തതും ഓരോ വർഷവും അവസാനിക്കുന്നതിന് ആറാഴ്ച്ച മുമ്പ് ലൈസൻസ് പുതുക്കേണ്ടതുമാണ്. കൂടാതെ സെക്ഷൻ 461 പ്രകാരം തൊട്ടു മുൻ വർഷം ഉടമസ്ഥനു ലഭിച്ച ആദായത്തിന്റെ 33 1/3% -ൽ കവിയാത്ത തുക വാർഷിക ലൈസൻസ് ഫീസിനത്തിൽ ഒടുക്കേണ്ടതുമാണ്.

തളിപ്പറമ്പ നഗരസഭയിൽ ജുമാഅത്ത് പള്ളിക്കമ്മറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റിലെ കച്ചവടക്കാർ ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മാർക്കറ്റ് ഉടമ സ്വകാര്യ മാർക്കറ്റ് നടത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ല. നിശ്ചിത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ട് സ്വകാര്യ

മാർക്കറ്റ് പ്രവർത്തനം ക്രമപ്രകാരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(പ്രസ്തുത വിഷയം 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.)

## 1-18 കശാപ്പുശാല പ്രവർത്തിക്കുന്നത് ലൈസൻസില്ലാതെ- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 453 പ്രകാരം നഗരസഭാ പരിധിയിൽ ഏതൊരു സ്ഥലത്തും മൃഗങ്ങളെ കശാപ്പ ചെയ്യുന്നതിനോ തോലുരിക്കുകയോ വെട്ടി നുറുക്കുകയോ ചെയ്യുന്നതിനോ വേണ്ടി ഒരു കശാപ്പ ശാലയായി ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥൻ ഒരോ വർഷത്തിലും ആദ്യമാസത്തിൽ ലൈസൻസിനു വേണ്ടി അപേക്ഷിക്കണം. (പുതിയതാണെങ്കിൽ തുറക്കുന്നതിന് ഒരു മാസം മുമ്പേ). സെക്ഷൻ 455(2) പ്രകാരം ലൈസൻസില്ലാതെ യാതൊരു കശാപ്പ ശാലയും പ്രവർത്തിക്കാൻ അനുവദിക്കാൻ പാടുള്ളതല്ല. നഗരസഭയിലെ സ്വകാര്യമാർക്കറ്റിൽ അംഗീകാരമില്ലാതെ അറവുശാല പ്രവർത്തിക്കുന്നുണ്ട്.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലയിൽ നിന്നും നിയമലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെ എന്തെങ്കിലും തരത്തിലുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കൗൺസിൽ മിനുട്സിലോ ഫയലുകളിലോ രേഖപ്പെടുത്തിയിട്ടില്ല. ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/09.04.23 ന് ഹെൽത്ത് വിഭാഗത്തിൽ നിന്നും നല്കിയ മറുപടിയിൽ മതപരമായ ആവശ്യങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിക്കുന്ന അറവു ശാലയാണെന്നാണ് അറിയിച്ചത്. ഏതു തരത്തിലുള്ള അറവു ശാലയായാലും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിലും തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ നിന്നുള്ള ലൈസൻസോടുകൂടിയും മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം പരാമർശിച്ചിരുന്നുവെങ്കിലും നാളിതു വരെ ഈ വിഷയത്തിൽ നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് അപാകമാണ്. ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും അറവു ശാലാ പ്രവർത്തനം അധികൃതമാക്കേണ്ടതുമാണ്.

## 1-19 ബസ്സ്റ്റാന്റ് ഫീസ് പിരിവ്-ലേല തുക മുഴുവനും ഡിമാന്റ് ചെയ്തിട്ടില്ല.

തളിപ്പറമ്പ ബസ്സ്റ്റാന്റ് ഫീസ് പിരിവിനായി, KANNUR DISTRICT BUS TRANSPORT EMPLOYEES CO.OPERATIVE SOCIETY സെക്രട്ടറി സമർപ്പിച്ച 9,00,000 രൂപയുടെ ഓഫറിന് 31.03.21 തീയതിയിൽ ബഹു ചെയർ പേഴ്സൺ മുൻകൂർ അനുമതി നല്കിയത് , നഗരസഭാ കൗൺസിലിന്റെ 30.4.2021-ലെ 8-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം തയ്യാറാക്കിയ ABSTRACT-ൽ ബസ് സ്റ്റാന്റ് ഫീസ് DEMAND-ൽ 6,75,000 രൂപയും COLLECTION 4,50,000 രൂപയും BALANCE 2,25,000 രൂപയുമാണ് ചേർത്തിട്ടുള്ളത്. ഓഫർ തുക മുഴുവൻ DEMAND ചെയ്യാത്തതിന്റെ കാരണവും, ഓഫർ തുകയിൽ അനുവദിച്ച ഇളവുകൾ സംബന്ധിച്ച വിശദ വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം32/ 2021-22/21.4.2023) നൽകിയ മറുപടിയിൽ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സ്റ്റാന്റിൽ കയറുന്ന ബസ്സുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതിനാൽ ലേലനിരക്ക് പകുതിയായി കുറയ്ക്കണമെന്ന പ്രസ്തുത സ്ഥാപനത്തിന്റെ 19.7.2021-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പരാതിയിലെ വസ്തുതകൾ ബോധ്യപ്പെട്ടതിനാൽ, ബഹു സർക്കാരിന്റെ 31.3.2022-ലെ സ.ഉ.(സാധാ)801/2022/ത.സ്വ.ഭ.വ . നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിസ്തിളവ് അനുവദിക്കുവാൻ തീരുമാനിക്കുകയും, ആയതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് 1.1.2022-ന് അപേക്ഷിക്കുകയും 6.9.2022-ന് ഓർമ്മക്കുറിപ്പ് അയക്കുകയും ചെയ്തിട്ടുള്ളതിനാലാണ് 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റിൽ 2,25,000 രൂപയുടെ കുറവ് വരുത്തിയതെന്നും, അബ്സ്ട്രാക്ട് പ്രകാരം ബാക്കിയുണ്ടായിരുന്ന 225000 രൂപ 2/12/2022-ലെ രസീത് നമ്പർ 122010500260 പ്രകാരം നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ബഹു. സർക്കാറിന്റെ അനുമതി സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.സർക്കാർ അനുമതിയിൽ രണ്ട് മാസത്തിൽ കൂടുതൽ ഇളവ് അനുവദിക്കാത്ത പക്ഷം , പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 75000 രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ വിവരം തുക ഒടുക്കിയതിന്റെ രേഖകൾ സഹിതം ഹാജരാക്കേണ്ടതുമാണ്.

## 1-20 സെക്രട്ടറിയുടെ വാടക ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച ₹49500 നിരാകരിക്കുന്നു.

ഫയൽ നം.ജി1-21871/15

വൗച്ചർ നം.647/11.1.22-₹49500(ചെക്ക് നം.175599PNB/11.1.22)

മേൽ വൗച്ചർ പ്രകാരം സെക്രട്ടറിയുടെ വാടക ക്വാർട്ടേഴ്സിലേക്ക് ₹49500 യുടെ ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്.മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങളിലൂടെ ഐഡിയൽ ഡെകോർ, ഏഴാം മൈൽ എന്ന സ്ഥാപനത്തിൽ നിന്നും ആണ് 1 ഡൈനിംഗ് സെറ്റ്, 2 കട്ടിൽ (ബെഡ് ഉൾപ്പെടെ) എന്നിവയുൾപ്പെടെയുള്ള ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് (ഇൻവോയ്സ് നം.HO-3010/29.12.21). ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(കൈ)15/2017/തസ്വഭവ തി:16.1.17 പ്രകാരം സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി/കോർപറേഷൻ സെക്രട്ടറിമാർക്ക് തനത് ഫണ്ടിൽ നിന്നും പരിധി നിശ്ചയിച്ചുകൊണ്ട് വാടകയിനത്തിൽ തുക അനുവദിക്കാൻ കൗൺസിലുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചറുകൾ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശമില്ല. സർക്കാർ നിർദ്ദേശമില്ലാതിരിക്കെ തനത് ഫണ്ടിൽ നിന്നും ₹49500 ചെലവഴിച്ച് സെക്രട്ടറിയുടെ വാടക ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചർ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച എൻക്വയറിക്ക്(നം.1/8.4.23) നഗരസഭയ്ക്ക് സൗകര്യപ്രദമായ വാടക ക്വാർട്ടേഴ്സ് ഇല്ലാത്തതിനാലും സെക്രട്ടറിക്ക് താമസസ്ഥലത്ത് നിന്നും ഫർണിച്ചറുകൾ എത്തിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടും പരിഗണിച്ചാണ് വാടക ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചർ വാങ്ങിയതെന്നും ആയത് നഗരസഭാ കൗൺസിലിന്റെ 31.01.2022 ലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതാണെന്നും പ്രസ്തുത ഫർണിച്ചറുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശമില്ലാതെ ഫർണിച്ചർ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹49500 ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-21 സെക്രട്ടറിയുടെ സാലറി ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും- ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച ₹50000 തടസ്സപ്പെടുത്തുന്നു

ഫയൽ നം.ജി1-21971/15

നഗരസഭ സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യത്തിന് ക്യാമ്പ് ചെയ്യുന്നതിന് താമസസൗകര്യം ഇല്ലാത്തതിനാൽ പ്രതിമാസം 10000 രൂപ നിശ്ചയിച്ച് താഴെപ്പറയും പ്രകാരം ക്വാട്ടേഴ്സ് വാടക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | മാസം/വർഷം | വൗച്ചർ നമ്പർ/ തീയതി | തുക | ചെക്ക് നം. |
|---|---|---|---|---|
| 1 | 10/2021 | 536/22.11.21 | 10000 | 175554PNB/22.11.21 |
| 2 | 11/2021 | 584/18.12.21 | 10000 | 175575PNB/1812.21 |
| 3 | 12/2021 | 646/11.1.22 | 10000 | 175598PNB/11.1.22 |
| 4 | 1/2022 | 710/4.2.22 | 10000 | 067533PNB/4.2.22 |
| 5 | 2/2022 | 838/10.3.22 | 10000 | 067580PNB/10.3.22 |

സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക അനുവദിക്കുമ്പോൾ ശമ്പളത്തോടൊപ്പം HRA അനുവദിക്കാൻ പാടില്ല. കൂടാതെ അടിസ്ഥാന ശമ്പളത്തിന്റെ 2% റെന്റ് റിക്കവറി ഇനത്തിൽ ഈടാക്കേണ്ടതുണ്ട് (ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം.27/2021/ഫിൻ തി:10.02.2021 ഖണ്ഡിക.15 കാണുക). ആയത് പരിശോധിക്കുന്നതിന് സെക്രട്ടറിയുടെ ശമ്പളബിൽ പരിശോധനയ്ക്ക് ലഭ്യമാക്കാനും 2% വരുന്ന തുക തനതു ഫണ്ടിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/8.4.23) ശമ്പളബില്ലിന്റെ ഹാർഡ് കോപ്പി സെക്രട്ടറി നഗരസഭയിൽ സമർപ്പിച്ചിട്ടില്ലാ ത്തതിനാൽ HRA കൈപ്പറ്റിയതു സംബന്ധിച്ച വിവരം ലഭ്യമല്ലായെന്നും അടിസ്ഥാന ശമ്പളത്തിന്റെ 2% വരുന്ന തുക തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്.

പ്രസ്തുത തുക ഈടാക്കേണ്ടതും പെൻഷൻ അംശദാനം ഇനത്തിൽ ഒടുക്കുവാനുള്ള തുക കണക്കാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

പരിശോധനയ്ക്കായി രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ക്വാർട്ടേഴ്സ് വാടക ഇനത്തിൽ അനുവദിച്ച ₹50,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

സെക്രട്ടറിയുടെ ശമ്പളം , പെൻഷൻ അംശദാനം ഇവ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3),കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. 1996 ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ,ചട്ടം 7(2) പ്രകാരം മുനിസിപ്പാലിറ്റിയിലെ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ സർക്കാരിലേക്ക് തുകയൊന്നും ഒടുക്കുകയോ ഒടുക്കുവാനുള്ള തുക കണക്കാക്കി

വാർഷിക ധനകാര്യ പത്രികയിൽ ബാധ്യതയായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും കണക്കാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ആരോഗ്യ വിഭാഗത്തിലെ ടിപ്പർ ലോറിയുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ പുതുക്കി.

18.04.2000 ലെ ജി.ഒ(പി)നം.819/2000 നം.ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്. എന്നാൽ തളിപ്പറമ്പ നഗരസഭയുടെ ആരോഗ്യവിഭാഗത്തിലെ ടിപ്പർ ലോറിയുടെ (വെഹിക്കിൾ നം.KL-59A-901) 3.3.2022 മുതൽ 2.3.2023 വരെയുള്ള കാലയളവിലെ ഇൻഷ്വറൻസ് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് പുതുക്കിയിരിക്കുന്നത്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/8.4.23) സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് വകുപ്പ മുഖേന പുതുക്കുന്നതിനായി ₹8638 യുടെ ചെക്ക് എഴുതിയെങ്കിലും തുക പിൻവലിച്ച് അടവാക്കുന്നതിൽ കാലതാമസം വന്നതിനാൽ ടി ചെക്ക് ക്യാൻസൽ ചെയ്യുകയും ഇൻഷ്വറൻസ് പുതുക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന ഇൻഷ്വറൻസ് പുതുക്കുകയുമാണുണ്ടായത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന തന്നെ പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജിതാവധി സറണ്ടർ അനുവദിച്ചു

വൗച്ചർ നം.163/7.6.21(ചെക്ക് നം.PNB317534/7.6.21)-₹12,20,662

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സർക്കാരിൽ നിന്നും പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ പൊതു,എൻജിനീയറിംഗ്,റവന്യൂ,ഹെൽത്ത് വിഭാഗങ്ങളിലെ സ്ഥിര ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പാലിറ്റിയിലെ സ്ഥിരജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/10.4.23) ലീവ് സറണ്ടർ അനുവദിക്കുന്ന സമയത്ത് ഉത്തരവുകൾ ഒന്നും നിലവിൽ ഇല്ലാത്തതിനാലാണ് സറണ്ടർ അനുവദിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശങ്ങൾ വരുന്നതിനനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 സറണ്ടർ ചെയ്യാത്ത ആർജ്ജിതാവധിക്ക് കുടിശ്ശിക തുക അനുവദിച്ചു-₹4394 തിരിച്ചു പിടിക്കേണ്ടതാണ്

ഫയൽ നം.H1-25027/14

വൗച്ചർ നം.284/05.08.21(ചെക്ക് നം.3174578/5.8.21)-₹4,51,715

മേൽ വൗച്ചർ പ്രകാരം വിരമിച്ച കണ്ടിജന്റ് ജീവനക്കാരുടെ ജി.ഒ(പി)25/2021/ഫിൻ തി:8.2.2021 പ്രകാരമുള്ള

ക്ഷാമബത്ത കുടിശ്ശിക നൽകിയിട്ടുണ്ട്.30.06.21 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.ലക്ഷ്മണൻ എം. എന്നവർക്ക് 3/2020 ന് സറണ്ടർ ചെയ്ത ആർജ്ജിതാവധിയുടെ അരിയർ ആയി ₹4392 അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ സേവന പുസ്തകം പ്രകാരം 3/2020 ന് ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടില്ല. ആയതിന് വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/12.4.23) ടിയാൻ 3/2020 ന് ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ആർജ്ജിതാവധി സറണ്ടർ കുടിശ്ശികയായി അനുവദിച്ച ₹4392 തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം 3/2020 ന് മതിയായ ആർജ്ജിതാവധി ക്രെഡിറ്റിൽ ഇല്ലായിരുന്നു. ₹4392 തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ടിയാന്റെ സേവന പുസ്തകം പേജ് 119 പ്രകാരം 16.11.2020 വരെയുള്ള ആർജ്ജിതാവധി മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള കാലയളവിൽ ( 17.11.20 മുതൽ വിരമിക്കൽ തിയതിയായ 30.06.21 വരെ) ടിയാൻ ജോലി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായ ആർജ്ജിതാവധി കണക്കാക്കേണ്ടതാണ്.

## 1-25 കുടിശ്ശിക ഡി എ ക്ക് ആനുപാതികമായി പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയില്ല- ₹33,878 തടസ്സപ്പെടുത്തുന്നു.

എച്ച്1-25027/14

വൗച്ചർ നം.285/5.8.21(ചെക്ക് നം.3174579/5.8.21)-₹932714

മുനിസിപ്പാലിറ്റിയിലെ 17 കണ്ടിജന്റ് ജീവനക്കാരുടെ ജി.ഒ(പി)25/2021 തി:8.2.21 പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ₹9,32,714 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. ഇവരിൽ 8 പേർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻപിഎസ്) ഉൾപ്പെട്ടവരാണ്. ആയവർക്ക് നൽകിയ കുടിശ്ശിക തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക | ഒടുക്കേണ്ട എൻപിഎസ് വിഹിതം മുനിസിപ്പാലിറ്റി വിഹിതം ഉൾപ്പെടെ |
|---|---|---|---|
| 1 | ശ്രീ.ദിനേശൻ കെ | 54970 | 5497+5497 |
| 2 | ശ്രീമതി.മാലതി ഇ.വി. | 44442 | 4444+4444 |
| 3 | ശ്രീ.ബിജു പി.വി. | 42329 | 4233+4233 |
| 4 | ശ്രീ.ഗണേശൻ കെ | 50635 | 5064+5064 |
| 5 | ശ്രീ.മധുസൂദനൻ എം സി | 48983 | 4898+4898 |
| 6 | ശ്രീമതി.മേരി ആനി | 18864 | 1886+1886 |
| 7 | ശ്രീ.പത്മനാഭൻ ടി | 21760 | 2176+2176 |
| 8 | ശ്രീ.സജീവൻ സി.വി. | 56800 | 5680+5680 |
| | ആകെ | ₹3,38,783 | 33878+33878 |

പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള മേൽ ജീവനക്കാരിൽ നിന്നും ക്ഷാമബത്ത കുടിശ്ശികയുടെ 10 ശതമാനവും,മുനിസിപ്പാലിറ്റി ഒടുക്കേണ്ട തുല്യ വിഹിതവും പ്രസ്തുത ജീവനക്കാരുടെ NPS അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/12.4.23) ടി ക്ഷാമബത്ത കുടിശ്ശിക ബില്ല് സ്ഥാപനയിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ മാന്വൽ ആയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളതെന്നും സ്ഥാപനയിൽ നിന്ന് ബിൽ എടുത്താൽ മാത്രമേ NPS വിഹിതം സാംഖ്യാവെബ് മുഖേന ഒടുക്കാൻ സാധിക്കുകയുള്ളൂവെന്നും ടി സാഹചര്യത്തിൽ പങ്കാളിത്തപെൻഷൻ വിഹിതം അക്കൗണ്ടിൽ ഒടുക്കാതെ മുഴുവൻ തുകയും അതാത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രതിമാസ ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 ശതമാനവും, തുല്യമായ സ്ഥാപന വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് GO(P)No.20/2013 /Fin-Dt.7.1.2013-ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പങ്കാളിത്തപെൻഷൻ വിഹിതം കുറയ്ക്കാതെ മുഴുവൻ തുകയും ജീവനക്കാർക്ക് നൽകിയത് ക്രമപ്രകാരമല്ല. NPS അക്കൗണ്ടിൽ അടയ്ക്കാതെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് നൽകിയ ₹33878 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സ്ഥാപന വിഹിതം ഉൾപ്പെടെയുള്ള എൻപിഎസ് തുക ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കി അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

(2)ജി1-22707/14- റഗുലർ ജീവനക്കാർ

വൗച്ചർ നം.791/8.3.22(ചെക്ക് നം.XY6685340/8.3.22)-₹26,13,528

മുനിസിപ്പാലിറ്റിയിലെ 48 റെഗുലർ ജീവനക്കാരുടെ ജി.ഒ(പി)25/2021 തി:8.2.21 പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ₹26,13,528 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട 21 ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതമായ ₹78813 NPS അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/12.4.23) ബിൽ സ്ഥാപന സോഫ്റ്റ് വെയർ അപ്ലിക്കേഷൻ മുഖേന തയ്യാറാക്കാൻ സാധിക്കാത്തതിനാലാണ് പങ്കാളിത്തപെൻഷൻ വിഹിതം NPS അക്കൗണ്ടിൽ ഒടുക്കാത്തതെന്നും പ്രസ്തുത തുക കുറവ് ചെയ്ത ശേഷമാണ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് അരിയർ തുക നൽകിയതെന്നും മറുപടി നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതവും ഉൾപ്പെടുന്ന തുക പ്രാൺ അക്കൗണ്ടുകളിലേക്ക് അടവാക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-26 ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 12/22 |
| പ്രൊജക്ടിന്റെ പേര് | ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹3,00,000 (വികസന ഫണ്ട്) |
| ചെലവ് | ₹3,00,000<br>ബിൽ നം56/2021-22തീയ്യതി11.10.2021 (ACR പ്രകാരം) |

മേൽ പ്രോജക്ട് പ്രകാരം ₹3,00,000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/10.4.23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 സ്ട്രീറ്റ് ലൈറ്റിനു വേണ്ടി ലൈൻ വലിക്കുന്നതിന് ഡെപ്പോസിറ്റ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ടിന്റെ നമ്പരും പേരും | 303/22 ,വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി ലൈൻ വലിക്കൽ |
| അടങ്കൽ | ₹47,00,000 തനത് ഫണ്ട് |
| ചെലവ് | ₹44,70,793<br>ചെക്ക് നം.067521PNB/29.1.22-₹30,51,017<br>ചെക്ക് നം.067522PNB/29.1.22-₹14,19,776 |

വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി ലൈൻ വലിക്കുന്നതിനായി AE,KSEB,തളിപ്പറമ്പിന് ചെക്ക് നം.067521PNB/29.1.22 പ്രകാരം ₹30,51,017 യും കെ എസ് ഇ ബി , കരിമ്പം സെക്ഷനിൽ 14,19,776രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ തളിപ്പറമ്പ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണം നിലവിൽ പൂർത്തിയാകാത്തതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. കരാർ കാലാവധിക്കകം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-28 ഒഴിഞ്ഞ ടാർ ബാരലിന്റെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനീയർ 2021-22 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ്( 4804000100001398) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ

(പി ) 177/2006/fin 12.04.2006 പ്രകാരം ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ് . കാലി ടാർ ബാരലിന്റെ വിലയും ആയതിന്റെ ജി എസ് ടി യും അതാത് ഫണ്ടുകളിലേക്ക് ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് (49/27.04.23) നല്കിയ മറുപടിയിൽ ജി എസ് ടി ഒടുക്കു വരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കാലി ടാർ ബാരലിന്റെ വില ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഇടവിള കിറ്റ് വിതരണം-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രൊജക്ട് നം. | 4/21-22 |
| പ്രൊജക്ടിന്റെ പേര് | ഇടവിള കിറ്റ് വിതരണം |
| അടങ്കൽ | ₹625000(വികസനഫണ്ട്,പൊതുവിഭാഗം) |
| ചെലവ് | ₹625000 |
| ബിൽ നം./തിയതി | 2/21-22 തീ: 21.10.21 |

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ മുഴുവൻ വീടുകളിലും കൃഷിഭവൻ മുഖേന മഞ്ഞൾ കിറ്റ് വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതു പ്രകാരം VFPCK കൃഷി ബിസിനസ്സ് കേന്ദ്ര,കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് ₹50/kg വിലയുള്ള 12,500 Kg മഞ്ഞൾ വിത്ത് വാങ്ങി (വൗച്ചർ നം.KBKKGD21-22/001 തി:31.5.21) വാർഡ് കൗൺസിലർമാർ മുഖേന ഒരു വീട്ടിൽ ഒരു കിലോഗ്രാം എന്ന രീതിയിൽ വിതരണം ചെയ്തിട്ടുണ്ട്. വാർഡ് കൗൺസിലർമാർ വിതരണം നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും മഞ്ഞൾ വിത്ത് ലഭ്യമായ അന്തിമ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ആയത് പരാമർശിച്ച് നൽകിയ എൻക്വയറിക്ക് (25/19.4.23) കോവിഡ് പശ്ചാത്തലത്തിൽ ഓരോ ഗുണഭോക്താവിന്റെയും കൈപ്പറ്റ് ലഭ്യമാക്കാൻ ബുദ്ധിമുട്ടായിരുന്നു എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ഇടവിളക്കിറ്റ് ഗുണഭോക്താവിന് ലഭ്യമാക്കുന്ന അവസരത്തിൽത്തന്നെ കൈപ്പറ്റ് വാങ്ങാമെന്നതിനാൽ മേൽ മറുപടി തൃപ്തികരമല്ല. നഗരസഭയിലെ മുഴുവൻ വീടുകളിലും മഞ്ഞൾ വിത്ത് വിതരണം ചെയ്യുന്നതിനാൽ ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിക്കുകയോ കൗൺസിൽ അംഗീകാരമുള്ള ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ മുഴുവൻ വീടുകളിലും ആൾത്താമസമുണ്ടോ എന്നും ഇത്രയും മഞ്ഞൾവിത്ത് കൃഷി ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ടോ എന്നും ഉറപ്പു വരുത്തിയിട്ടില്ല.
ആവശ്യക്കാരും അർഹതപ്പെട്ടവരുമായ ഗുണഭോക്താക്കൾക്കാണ് ജനകീയ ആസൂത്രണ പദ്ധതികൾ പ്രകാരം സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടത്.ആവശ്യക്കാരായ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അവർക്ക് കൃഷി ചെയ്യാനുള്ള സ്ഥലസൗകര്യം ഉണ്ടോയെന്ന് ഉറപ്പിച്ച ശേഷം കൃഷി ഭൂമിക്ക് ആനുപാതികമായി മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ. എന്നാൽ ഇവിടെ എല്ലാ വീടുകളിലേക്കും ഒരേ അളവിലാണ് വിത്തുകൾ വിതരണം ചെയ്തിരിക്കുന്നത്. ആയത് സബ്സിഡി ആനുകൂല്യങ്ങളുടെ ദുർവ്യയമാണ്. ഗുണഭോക്താക്കൾ കൃഷി ചെയ്യുന്നുണ്ടോയെന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുണ്ട് . കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി അവലോകനം നടന്നിട്ടില്ല. സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 നെൽകൃഷി വികസന പദ്ധതി -കൃഷി നടത്തിയ ഭൂമിയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല-₹12,57,248 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നം.,പേര് | 1/21-22,നെൽകൃഷി വികസന പദ്ധതി |
| അടങ്കൽ | ₹12,57,248(വികസനഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | ₹12,57,248 |
| ബിൽ നം./തിയതി | 126000-57/21-22 തി: 16.10.21<br>517208-63/21-22 തി: 24.10.21<br>112200-80/21-22 തി:26.11.21<br>501840-141/21-22 തി: 28.1.22 |

ഗുണഭോക്താക്കൾക്ക് നെൽവിത്ത് വാങ്ങി വിതരണം ചെയ്യുന്നതിനും നെൽകൃഷി ചെയ്ത ഭൂമിക്ക് ആനുപാതികമായി ഹെക്ടറിന് പരമാവധി ₹17000 (സ.ഉ(കൈ) നം.22/2018തസ്വഭവ തി:14.02.18 ഖ:6.1.6))നിരക്കിൽ കൂലിചെലവ് സബ്സിഡി വിതരണം ചെയ്യുന്നതിനുമാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്.

ഒന്നാം വിള നെൽകൃഷി കൂലിചെലവ് ഇനത്തിൽ ₹5,17,208 യും രണ്ടാം വിള നെൽകൃഷി കൂലിചെലവ് ഇനത്തിൽ ₹6,14,040 യും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകേണ്ടത്.എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ സ്ഥല വിസ്തൃതി മനസ്സിലാക്കുന്നതിനുള്ള രേഖകൾ,കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ട്,കൃഷി ഓഫീസറുടെ സബ്സിഡി തുക നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമം എന്നിവ ഇല്ല. മേൽ അപാകങ്ങൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം 26/19.04.23) നല്കിയ ശേഷം അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ട്, കൃഷി ഓഫീസറുടെ സബ്സിഡി തുക നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമം എന്നിവ രേഖപ്പെടുത്തി അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയ ശേഷം പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തിയത് ശരിയായ നടപടി ക്രമമല്ല. ആനുകൂല്യം അനുവദിക്കുന്നതിന് മുമ്പ് തന്നെ പരിശോധിച്ച് സബ്സിഡി തുക നിശ്ചയിക്കേണ്ടതായിരുന്നു.

പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ സ്ഥലത്തിന്റെ കൃത്യത പരിശോധിക്കാനായി കരം അടച്ച രസീതിന്റെ കോപ്പി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ തന്നെ നൽകിയ സബ്സിഡി തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. സബ്സിഡി തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ ₹12,57,248 തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ (ഗുണഭോക്താക്കളുടെ പേര്, സ്ഥലവിസ്തൃതി, നികുതി റസീറ്റിന്റെ പകർപ്പ്) ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രൊജക്ട് നം. & പേര് | 9/2022, കന്നുകുട്ടി പരിപാലനം. |
| അടങ്കൽ ₹7,50,000 | ₹1,87,500(വികസന ഫണ്ട്), ₹187500 (സംസ്ഥാനാവിഷ്കൃത ഫണ്ട്) , ₹3,75,000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹ 187500(വികസന ഫണ്ട്)<br>ബിൽ നം/തീയ്യതി 2119034700170068180 8/22.11.2021 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 187500 രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/2021-22/12.4.2023) നൽകിയ മറുപടിയിൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 പെയിൻ പാലിയേറ്റീവ് കെയർ.- മുഴുവൻ മരുന്നുകളും ലഭ്യമാക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പ്പിറ്റൽ.തളിപ്പറമ്പ് |
| പ്രോജക്ട് നം. | 45/22 |
| പ്രോജക്ടിന്റെ പേര് | പെയിൻ പാലിയേറ്റീവ് കെയർ. |
| അടങ്കൽ | ₹ 8,00,000(വികസന ഫണ്ട്) |
| ചെലവ് | ₹ 7,93,740(വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | (1)2119034700110012662 3/25.5.2021/ ₹39,380<br>(2)2119034700110013439 3/21.6.2021/ ₹54,175<br>(3)211903470011001889 17/9.7.2021/ ₹39,830<br>(4)2119034700110030221 5/13.8.2021/ ₹39,830<br>(5)2119034700110040941 8/15.9.2021/₹41,030<br>(6)2119034700110054332 1/22.10.2021/₹40,580<br>(7)2119034700110066925 9/18.11.2021/₹39,830<br>(8)2119034700110080577 2/18.12.2021/₹40,550 |

| | |
|---|---|
| | (9)21190347001100942482/13.1.2022/₹39,830<br>(10)21190347001100942501/13.1.2022/₹43,450<br>(11)21190347001101114801/14.2.2022/₹39,347<br>(12)21190347001101312290/14.3.2022/₹44,105<br>(13)21190347001101312305/14.3.2022/₹1,56,550<br>(14)21190347001101418625/23.3.2022/₹83,668<br>(15)21190347001101438608/24.3.2022/₹43,286.<br>(16)21190347001101457025/25.3.2022/₹8,299. |
| ആകെ ചെലവ് | ₹7,93,740. |

പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 21190347001101312305/14.3.2022 പ്രകാരം പിൻവലിച്ച 156550 രൂപയും ബിൽ നമ്പർ 21190347001101418625/23.3.2022 പ്രകാരം പിൻവലിച്ച ₹83668 രൂപയും മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നാളിതുവരെയായി എത്ര രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/2021-22/16.4.2023) നൽകിയ മറുപടിയിൽ 22422 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ലഭ്യമായ സാധനങ്ങളുടെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്). അവശേഷിക്കുന്ന തുകയ്ക്കുള്ള സാധനങ്ങൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-33 ലാബ് റീ ഏജന്റ് വാങ്ങൽ -എച്ച് എം സി ഫണ്ട് വിനിയോഗം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പ്പിറ്റൽ , തളിപ്പറമ്പ് |
| പ്രോജക്ട് നം. | 381/22 |
| പ്രോജക്ടിന്റെ പേര് | ഗവ. താലൂക്ക് ഹോസ്പിറ്റലിലേക്ക് ലാബ് റീ ഏജന്റ് വാങ്ങൽ |
| അടങ്കൽ | ₹ 5,00,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹5,00,000 (ബിൽ നം/തീയ്യതി21190347001101469709/ 26.3.2022) |

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലേക്കാവശ്യമായ ലാബ് റീ ഏജന്റുകൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ലാബ് റീ ഏജന്റുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ അംഗീകരിച്ച നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.30/2021-22/23.4.2023) നൽകിയ മറുപടിയിൽ കാലാകാലങ്ങളായി ജനുവരി മുതൽ ഡിസംബർവരെയുള്ള കാലയളവിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങുന്നത് എച്ച്.എം.സി.ഫണ്ട് മുഖേനയാണെന്നും ആയതിന് എച്ച് എം.സി.യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്നും, നഗരസഭ ലാബ് റീഏജന്റ് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന് മുന്നേ മേൽപ്പറഞ്ഞ പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനാലാണ് നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാതിരുന്നതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു എന്ന മറുപടി തൃപ്തികരമല്ല. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ എല്ലാ സാമ്പത്തിക സ്രോതസ്സുകളും ഉൾപ്പെടുത്തി വേണം സാമ്പത്തിക നില തയ്യാറാക്കേണ്ടത്. എച്ച് എം സി ഫണ്ടിൽ ഫണ്ട് കുറവു വന്നതിനാലാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിൽ അക്കാര്യവും പ്രോജക്ടിൽ പരാമർശിക്കേണ്ടതുണ്ട്. വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത ഫയലുകളിൽ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നത് ചെലവിന്റെ ഇരട്ടിപ്പിന് ഇടയാക്കാൻ സാധ്യതയുണ്ട്. നഗരസഭയുടെ വാർഷിക പദ്ധതിയിൽ പെടുത്തിയുള്ള വാങ്ങലുകൾക്ക് നഗരസഭാ കൗൺസിലിന്റെ അംഗീകാരം വാങ്ങാതിരുന്നതും ശരിയായ നടപടിയല്ല.

എച്ച് എം സി ഫണ്ട് ഉപയോഗപ്പെടുത്തിയും റീ ഏജന്റുകൾ വാങ്ങിയിട്ടുണ്ടെന്ന് എച്ച് എം സി ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി വ്യക്തമായ സാമ്പത്തികാസൂത്രണത്തിന്റെയും അനുമതികളുടെയും അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഡയാലിസിസ് യൂണിറ്റ് ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത്

## സർക്കാർ അനുമതിയില്ലാതെ-13,30,568രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പ്പിറ്റൽ, തളിപ്പറമ്പ് |
| പ്രോജക്റ്റ് നം. | 7/22 |
| പ്രോജക്ടിന്റെ പേര് | തളിപ്പറമ്പ് താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് ജീവനക്കാരുടെ ഹോണറേറിയം |
| അടങ്കൽ | ₹ 13,44,000(വികസന ഫണ്ട്) |
| ചെലവ് | ₹ 13,30,568(വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | (1)21190347001100126619/25.5.2021/ ₹1,04,700<br>(2)21190347001100134390/21.6.2021/ ₹1,11,677<br>(3)21190347001100188923/9.7.2021/ ₹110050<br>(4)21190347001100302211/13.8.2021/ ₹111370<br>(5)21190347001100409439/15.9.2021/₹112000<br>(6)21190347001100543326/22.10.2021/₹112000<br>(7)21190347001100669249/18.11.2021/₹112000<br>(8)21190347001100805778/18.12.2021/₹112000<br>(9)21190347001100942489/13.1.2022/₹112000<br>(10)21190347001101114789/14.2.2022/₹110112<br>(11)21190347001101312319/14.3.2022/₹112000<br>(12)21190347001101438593/24.3.2022/₹110659 |

4/7/2020-ലെ എച്ച്.എം.സി യുടെ 7-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , ഉത്തരവ് നം.എ1/1210/2020/ തീയ്യതി-22/5/2021 പ്രകാരം ഷീന.എ-യെ ക്ലീനിംഗ് സ്റ്റാഫ് തസ്തികയിലും, 17/7/2018-ലെ എച്ച്.എം.സി യുടെ 6-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം.എ1/1210/2020/ തീയ്യതി-1/4/2021 പ്രകാരം മോഹനൻ.കെ.വി, മോഹനൻ.പി.വി എന്നിവരെ നഴ്സിംഗ് അസിസ്റ്റന്റ് കം ക്ലീനിംഗ് സ്റ്റാഫ് തസ്തികയിലും, 14/2/2020-ലെ എച്ച്.എം.സി യുടെ 12-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം.എ1/1210/2020/ തീയ്യതി-1/4/2021 പ്രകാരം അക്ഷയ് നാഥ്.സി.വി, അഫ്സാന അഷ്റഫ്.എം.പി, അമൃത.വി.വി, അമൃത.കെ എന്നിവരെ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലും നിയമിച്ചിട്ടുണ്ട്. (ക്ലീനിംഗ് സ്റ്റാഫ് -1,നഴ്സിംഗ് അസിസ്റ്റന്റ് കം ക്ലീനിംഗ് സ്റ്റാഫ്-2,ഡയാലിസിസ് ടെക് നീഷ്യൻ – 4 , ആകെ 7പേർ)

ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയതിന്റെയും, നിയമനം നഗരസഭാ ഭരണ സമിതി അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/2021-22/16.4.2023) സർക്കാരിൽ നിന്നുള്ള അനുമതി സംബന്ധമായ രേഖകൾ ഓഫീസിൽ ലഭ്യമല്ലെന്നും, എച്ച്.എം.സി അംഗീകാരം നേടിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. നിയമനം നഗരസഭാ കൊൺസിൽ അംഗീകരിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും, നഗരസഭാ കൗൺസിലിന്റെ അംഗീകാരമില്ലാതെയുമുള്ള നിയമന നടപടികൾ ക്രമപ്രകാരമല്ല. മേൽക്കാരണങ്ങളാലും വികസന ഫണ്ട് ഉപയോഗപ്പെടുത്തി വേതനം നല്കുന്നതിന് അനുമതിയുള്ള ഇനങ്ങളിൽ പ്രസ്തുത തസ്തികകൾ ഉൾപ്പെടാത്തതിനാലും പദ്ധതിക്കു വേണ്ടി ചെലവഴിച്ച 13,30,568രൂപ തടസത്തിൽവെക്കുന്നു.

## 1-35 ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് ബെയിലിംഗ് മെഷിൻ വാങ്ങൽ-ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രോജക്റ്റ് നം. | 298/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഡമ്പിംഗ് ഗ്രൗണ്ടിലേക്ക് ബെയിലിംഗ് മെഷിൻ വാങ്ങൽ |
| അടങ്കൽ ₹ 600000 | ₹ 250200(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 210000(കേന്ദ്രാവിഷ്കൃത ഗ്രാന്റ്)<br>₹139800 (സംസ്ഥാനാവിഷ്കൃത ഗ്രാന്റ്) |
| ചെലവ് ₹ 548699 | ₹ 228807(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 192045(കേന്ദ്രാവിഷ്കൃത ഗ്രാന്റ്)<br>₹127847(സംസ്ഥാനാവിഷ്കൃത ഗ്രാന്റ്) |
| ബിൽ നം/വൗച്ചർ നം/തീയ്യതി/തുക | 223/23.3.2022/₹ 228807.<br>872/31.3.2022/₹ 319892 |

നഗരസഭാ ഡമ്പിംഗ് ഗ്രൗണ്ടിൽ ബെയ്‌ലിംഗ് മെഷീൻ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി 5.3.2022-ലെ Invoice.No.B2C/21-22/18178പ്രകാരം 548698 രൂപ ചെലവഴിച്ച് KOLLAR MILL STORES PVT Ltd MALAPPURAM എന്ന സ്ഥാപനത്തിൽ നിന്ന് HYDROLIC BAILING MACHINE WITH EJECCTORവാങ്ങിച്ചതിന് പ്രസ്തുത സ്ഥാപനത്തിന്റെ 559401010101151 എന്ന അക്കൗണ്ട് നമ്പരിൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ (₹464999)നിന്ന് 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ , 2ശതമാനം ഐ.ടി(₹9300)മാത്രം ഈടാക്കി 539399 രൂപ അനുവദിച്ചിട്ടുണ്ട്. ജി എസ് ടി – ടി ഡി എസ് ചെയ്യാത്തതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/2021-22/26.4.2023) നൽകിയ മറുപടി തൃപ്തികരമല്ല. ജി.എസ്.ടി-ടി.ഡി.എസ് ഇനത്തിൽ ഈടാക്കുവാനുള്ള 9300രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-36 സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ.(സ്പിൽ ഓവർ)-₹7911 നിരാകരിക്കുന്നു, ₹51269യുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ടാഗോർ വിദ്യാനികേതൻ ഗവ.ഹയർസെക്കന്ററി സ്കൂൾ |
| പ്രൊജക്ട് നം. & പേര് | 301/2022, സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ.(സ്പിൽ ഓവർ) |
| അടങ്കൽ ₹77703 | ₹27703(വികസന ഫണ്ട്)<br>₹50000(തനത് ഫണ്ട്) |
| ചെലവ് ₹72746 | ₹26750(വികസന ഫണ്ട്),₹45996(തനത് ഫണ്ട്)<br>(1)ബിൽ നം/തീയ്യതി 172/28.2.2022/₹45996<br>(2)ബിൽ നം/തീയ്യതി 171/28.2.2022/₹26750 |

1.പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമനമ്പർ 1-ൽ ഉൾപ്പെട്ട തുകയിൽ നിന്ന് ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ട് നമ്പറിലേക്ക് പത്രങ്ങളും മാസികകളും വാങ്ങിക്കുന്നതിന് അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച ബില്ലുകൾ (വിതരണം ചെയ്ത കാലയളവ് ഉൾപ്പെടെ രേഖപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | പ്രിയദർശിനി കലാസമിതി വായനശാല ആന്റ് ഗ്രന്ഥാലയം | 001015000003911 | 2715 |

| | | | |
|---|---|---|---|
| 2. | കീഴാറ്റൂർ പബ്ലിക് ലൈബ്രറി കീഴാറ്റൂർ | 67397036390 | 2706 |
| 3. | ലേബർ സ്പോർട്സ് ക്ലബ്ബ് ക്കുവോട് | 1003007000009 | 5520 |
| 4. | ബോധി കൾച്ചർ സെന്റർ ആന്റ് ലൈബ്രറി. | 1806104000029449 | 5448 |
| 5 | റെഡ് സ്റ്റാർ വായനശാല ആന്റ്ഗ്രന്ഥാലയം. | 642102010009316 | 2724 |
| 6. | ജനകീയ വായനശാല ആന്റ്ഗ്രന്ഥാലയം.കരിപ്പൂൽ | 1003007000379 | 5406 |
| | | ആകെ | ₹24,519 |

2.പദ്ധതിയുടെ ഭാഗമായി പഞ്ചവടി റസിഡൻസ് അസോസിയേഷന്റെ 480400100091061 എന്ന അക്കൗണ്ട് നമ്പറിൽ പത്രങ്ങളും മാസികകളും വാങ്ങിച്ചതിന് 7911 രൂപ അനുവദിച്ചത് ഏതടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3.പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമനമ്പർ 2-ൽ ഉൾപ്പെട്ട 26750 രൂപയുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.51/2021-22/28.4.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.
അംഗീകൃത വായനശാലകൾക്കും ,ലൈബ്രറികൾക്കും പത്ര മാസികകൾ വാങ്ങിക്കുന്നതിന് അനുവദിക്കാവുന്ന തുക റസിഡൻസ് അസോസിയേഷനും അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ 7911 രൂപയുടെ ചെലവ് നിരാകരിക്കുന്നു.
കൂടാതെ രേഖകളുടെ അഭാവത്തിൽ (24519+26750=51269) 51269 രൂപയുടെ ചെലവ് (ക്രമനമ്പർ 1& 3) തടസ്സപ്പെടുത്തുന്നു.

## 1-37 വായന ശാലകളിലും,സ്കൂളുകളിലും തൊഴിൽ വാർത്ത പത്രങ്ങൾ,മാസികകൾ വിതരണം ചെയ്യൽ-രേഖകൾ ഹാജരാക്കിയില്ല- ₹18894 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ടാഗോർ വിദ്യാനികേതൻ ഗവ. ഹയർസെക്കന്ററി സ്കൂൾ |
| പ്രൊജക്ട് നം. & പേര് | 337/2022, വായന ശാലകളിലും,സ്കൂളുകളിലും തൊഴിൽ വാർത്ത പത്രങ്ങൾ,മാസികകൾ വിതരണം ചെയ്യൽ. |
| അടങ്കൽ | ₹200000(തനത് ഫണ്ട്) |
| ചെലവ് ₹62015 | (1)ബിൽ നം/തീയ്യതി 173/28.2.2022/₹29249<br>(2)ബിൽ നം/തീയ്യതി 207/19.3.2022/₹32766. |

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1. തളിപ്പറമ്പ് പബ്ലിക് റീഡിംഗ് റൂം ആന്റ് ലൈബ്രറി എന്ന സ്ഥാപനത്തിന്റെ പേരിലുള്ള 67395459513 നമ്പർ അക്കൗണ്ടിലേക്ക് തൊഴിൽ വാർത്ത , പത്രങ്ങൾ, മാസികകൾ എന്നിവ വാങ്ങിയതിന് മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമനമ്പർ 1-ൽ ഉൾപ്പെട്ട തുകയിൽ നിന്ന് 10776 രൂപ നല്കിയിട്ടുണ്ട്. എന്നാൽ പത്രമാസികകൾ വിതരണം ചെയ്ത കാലയളവ് രേഖപ്പെടുത്തിയ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

2.പദ്ധതിയുടെ ഭാഗമായി എ.കെ.ജി വായനശാല ആന്റ് ഗ്രന്ഥാലയം , ഉരുത്തി എന്ന സ്ഥാപനത്തിന്റെ പേരിലുള്ള 642102010008391 നമ്പർ അക്കൗണ്ടിലേക്ക് തൊഴിൽ വാർത്ത ,പത്രങ്ങൾ,മാസികകൾ എന്നിവ വാങ്ങിയതിന് മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമനമ്പർ 2-ൽ ഉൾപ്പെട്ട തുകയിൽ നിന്ന് 8118 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പത്രമാസികകൾ വിതരണം ചെയ്ത കാലയളവ് രേഖപ്പെടുത്തിയ ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ അനുവദിക്കുന്ന തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ഓരോ സ്ഥാപനത്തിലേക്കും വാങ്ങുന്ന പത്രങ്ങൾ, മാസികകൾ എന്നിവയുടെ ബില്ലുകൾ സംബന്ധിച്ച വിവരം , അനുവദിച്ച തുകയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും തുക അനുവദിക്കുന്നത് ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് തുക നല്കുന്നതിന്റെ അടിസ്ഥാനവും വ്യക്തമല്ല. പത്രമാസികകൾ വിതരണം ചെയ്യുന്ന ഏജന്റുമാരുടെ ബില്ലുകളുടെ അടിസ്ഥാനത്തിൽ , രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, ബില്ലുകൾ ക്ലോസ് ചെയ്ത ശേഷം ഏജന്റുമാരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറുന്ന രീതി അനുവർത്തിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.51/2021-22/28.4.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 18894 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

(03.04.23 തീയതിയിലെ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 12 ൽ 13.04.23 തീയതിക്കകം രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയത് 27.04.23 ന് ഉച്ചയ്ക്ക് ശേഷം മാത്രമാണ്. രേഖകൾ പൂർണ്ണമായി ഹാജരാക്കാതിരുന്നതും രേഖകൾ ഹാജരാക്കുന്നതിൽ കാലതാമസം വരുത്തിയതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ്)

## 1-38 വായനശാല ക്ലബ്ബുകളിലും, സ്കൂളുകളിലും ദിനപത്രം,തൊഴിൽ വാർത്ത വിതരണം.(സ്പിൽ ഓവർ)-₹43614 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ടാഗോർ വിദ്യാനികേതൻ ഗവ.ഹയർസെക്കന്ററി സ്കൂൾ |
| പ്രൊജക്ട് നം. & പേര് | 300/2022, വായനശാല ക്ലബ്ബുകളിലും, സ്കൂളുകളിലും ദിനപത്രം,തൊഴിൽ വാർത്ത വിതരണം.(സ്പിൽ ഓവർ) |
| അടങ്കൽ | ₹45477(വികസന ഫണ്ട്) |
| ചെലവ് | ₹43614(വികസന ഫണ്ട്)<br>ബിൽ നം/തീയ്യതി 170/28.2.2022/₹43614 |

പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ ഉൾപ്പെട്ട തുകയിൽ നിന്ന് ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ട് നമ്പറിലേക്ക് തൊഴിൽവാർത്ത, പത്രങ്ങൾ, മാസികകൾ എന്നിവ വാങ്ങിക്കുന്നതിന് അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച ബില്ലുകൾ,വാങ്ങിച്ച കാലയളവ് ഉൾപ്പെടെ രേഖപ്പെടുത്തിയത് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | കുറ്റിക്കോൽ യുവജന വായനശാല ആന്റ് ഗ്രന്ഥാലയം | 67106976826 | 8370 |
| 2. | കൂവോട് പബ്ലിക്ക് ലൈബ്രറി | 67395489413 | 10728 |
| 3. | സയ്ദ് നഗർ ഇസ്ലാമിക് സെന്റർ | 01430165053119001 | 10776 |
| 4. | ശ്രീശംബര സാംസ്കാരിക കേന്ദ്രം | 3738687470 | 5640 |
| 5 | സയ്ദ് നഗർ റിക്രിയേഷൻ ക്ലബ്ബ് ആന്റ് ഗ്രന്ഥാലയം | 001015000006928. | 8100 |
| | | ആകെ | 43614 |

03.04.2023 തീയതിയിൽ നല്കിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ T12/2021-22 ൽ 13.04.23 തീയതിക്കകം രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചതാണെങ്കിലും 27.04.23 തീയതിയിൽ മാത്രമാണ് ഫയലുകൾ ഹാജരാക്കിയിട്ടുള്ളത്. ഹാജരാക്കിയ രേഖകൾ അപൂർണ്ണവുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.51/2021-22/28.4.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രേഖകളുടെ അഭാവത്തിൽ 43614 രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 വജ്ര ജൂബിലി ഫെലോഷിപ്പ്-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹135000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ടാഗോർ വിദ്യാനികേതൻ ഗവ.ഹയർസെക്കന്ററി സ്കൂൾ |
| പ്രൊജക്ട് നം. & പേര് | 334/2022, സാംസ്കാരിക നിലയങ്ങളിൽ നാടൻകലകൾ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി-വജ്ര ജൂബിലി ഫെലോഷിപ്പ്. |
| അടങ്കൽ | ₹200000(തനത് ഫണ്ട്) |
| ചെലവ് | ₹135000(തനത് ഫണ്ട്), ബിൽ നം/തീയ്യതി 169/28.2.2022 |

03.04.2023 തീയതിയിലെ T12/21-22 നമ്പർ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം 13.04.2023 തീയതിക്കകം രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നതാണെങ്കിലും ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയത് 27.04.2023 തീയതിയിൽ മാത്രമാണ്. ഹാജരാക്കിയ ഫയലുകളിൽ വജ്രജൂബിലി ഫെലോഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾ സംബന്ധിച്ച രേഖകളൊന്നും ഉണ്ടായിരുന്നില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.52/2021-22/28.4.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 135000 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-40 സിഡിഎസ് മെമ്പർ സെക്രട്ടറിക്ക് സ്പെഷൽ അലവൻസ് അനുവദിച്ചതിലെ അപാകങ്ങൾ- 41100രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

ഫയൽ നമ്പർ സി ഒ 3931/97

എസ് ജി എസ് ആർ വൈ പദ്ധതി 2013 മാർച്ച് മാസം നിർത്തലാക്കിയ സാഹചര്യത്തിൽ സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുകയില്ലെന്ന് കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയരക്ടറുടെ 13-04-2016 തീയതിയിലെ 316/എഫ്/2016/കെ എസ് എച്ച് ഒ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തളിപ്പറമ്പ നഗരസഭയിലെ സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലർക്ക് ശ്രീ വി വി ഷാജി എന്നവർക്ക് അടിസ്ഥാനശമ്പളത്തിന്റെ 10% നിരക്കിൽ നഗരസഭ യു പി എ ഫണ്ടിൽ (പഞ്ചാബ് നാഷണൽ ബാങ്ക് -അക്കൗണ്ട് നമ്പർ 4804000100004340) നിന്ന് സ്പെഷൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | വൗച്ചർ നമ്പർ (സി.ഡി.എസ് ക്യാഷ് ബുക്ക് പ്രകാരം) | ഉദ്യോഗസ്ഥന്റെ പേര് | അടിസ്ഥാന ശമ്പളം | അലവൻസായി നല്കിയ തുക |
|---|---|---|---|---|
| 3/21 | 3/9.04.21 | ശ്രീ ഷാജി വി വി, ക്ലർക്ക് | 33800 | 3380 |
| 4/21 | 9/4.05.21 | ,, | 33800 | 3380 |
| 5/21 | 28/07.06.21 | ,, | 33800 | 3380 |
| 6/21 | 40/27.07.21 | ,, | 33800 | 3380 |
| 7/21 | 41/10.08.21 | ,, | 33800 | 3380 |
| 8/21 | 51/17.09.21 | ,, | 33800 | 3380 |
| 9/21 | 55/15.10.21 | ,, | 34700 | 3470 |

| | | | | |
|---|---|---|---|---|
| 10/21 | 63/12.11.21 | ,, | 34700 | 3470 |
| 11/21 | 70/06.12.21 | ,, | 34700 | 3470 |
| 12/21 | 89/10.01.22 | ,, | 34700 | 3470 |
| 1/22 | 100/24.02.22 | ,, | 34700 | 3470 |
| 2/22 | 107/10.03.22 | ,, | 34700 | 3470 |
| | | | ആകെ | ₹41100 |

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ മേൽസൂചിപ്പിച്ച പ്രകാരം ചാർജ്ജ് അലവൻസ് അനുവദിച്ചത് ശരിയായ നടപടിയല്ല.
നഗരസഭയിൽ മുൻവർഷങ്ങളിൽ സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതല വഹിക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നഗരസഭ കുടുംബശ്രീ സി ഡി എസിന് നൽകുന്ന യു പി എ ഫണ്ട്, എൻ യു എൽ എം ഫണ്ട്, മുനിസിപ്പൽ തനത് ഫണ്ട് മുതലായവയിൽ നിന്ന് ഇപ്രകാരം ചാർജ്ജ് അലവൻസ് കൈപ്പറ്റുകയും ചെയ്ത ജീവനക്കാരിൽ നിന്നും കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയരക്ടറുടെ 27-12-2022 തീയതിയിലെ നം.13/എഫ്/2022/കെ എസ് എച്ച് ഒ കത്തിന്റെ അടിസ്ഥാനത്തിൽ അധികം കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിൽ വ്യക്തമാക്കുന്ന ചാർജ്ജ് അലവൻസിന്റെ നിരക്കിലാണ് ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് ചാർജ്ജ് അലവൻസ് നൽകേണ്ടതെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല. 11.09.2006 ലെ Go(Rt)2183/06/LSGD ഉത്തരവിൽ പ്രീറിവൈസ്ഡ് സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 10% നല്കിയാൽ മതിയാകും എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.എന്നാൽ നഗരസഭയിൽ 2019 ലെ ശമ്പളപരിഷ്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10% ആണ് 2021-22 സാമ്പത്തിക വർഷം ചാർജ്ജ് അലവൻസായി നല്കിയിട്ടുള്ളത് എന്നതും അപാകമാണ്. 2019 ശമ്പള പരിഷ്കരണത്തിൽ ചാർജ്ജ് അലവൻസ് 4% മാത്രമാണ് എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

മേൽക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതും അധികം നല്കിയ തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 24/18.04.23 ന് നല്കിയ മറുപടിയിൽ സർക്കാരിൽ നിന്നും വ്യക്തത വരുത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
41100രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.വ്യക്തമായ വിശദീകരണം ലഭ്യമാക്കിയും അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചും ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-41 മുനിസിപ്പൽ ഓഫീസ് ഫർണിച്ചർ ഇന്റീരിയർ പ്രവൃത്തി- നിർവ്വഹണത്തിലെ അപാകങ്ങൾ- ₹ 3410735 തടസത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | 180/22, മുനിസിപ്പൽ ഓഫീസ് ഫർണിച്ചർ , ഇന്റീരിയർ പ്രവൃത്തി |
| അടങ്കൽ | ₹35,00,000(തനത് ഫണ്ട് ) |
| ചെലവ് | ₹ 34,10,735 |
| വൗച്ചർ നമ്പർ/ തീയ്യതി | 223/03.03.22(ചെക്ക് നമ്പർ 734795/03.03.22) |
| നിർവ്വഹണ ഏജൻസി | KADCO |

| | |
|---|---|
| എം ബുക്ക് നം | 343/20-21 |
| ആകെ പ്രവൃത്തി മൂല്യം | ₹34,10,735 |
| എഗ്രിമെന്റ് നം | E-171/20-21/26.02.2021 |

പ്രവൃത്തി നടപ്പിലാക്കുന്നതിന് കാഡ്കൊയിൽ നിന്നും KADCO/DDO/S&SS/TPBA/LTR/24.02.21 നമ്പർ കത്ത് മുഖേന വുഡ് വർക്കിന് ₹21,00,000 യുടെയും പാർട്ടീഷൻ വർക്കിന് ₹13,24,031 യുടെയും എസ്റ്റിമേറ്റ് ലഭ്യമാക്കിയത് പ്രകാരം കാഡ്കോയുമായി എഗ്രിമെന്റിലേർപ്പെട്ടുകയും (Agt. No. E-171/20-21/26.02.21 ) മൂന്ന് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ വർക്ക് ഓർഡർ നൽകുകയും എം ബുക്ക് പ്രകാരം 08.02.22 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ KADCO/DDO/S&SS/PAYMENT-21-22/02.02.22 പ്രകാരം ഹാജരാക്കിയ താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ അനുസരിച്ച് ₹34,10,735 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം /തിയ്യതി | തുക | ഇനം (എണ്ണം) |
|---|---|---|---|
| 1 | DDO/KNR/SALES /2/30.07.21 | 2,44,889 | ടേബിൾ (10) |
| 2 | DDO/KNR/SALES/3/ 10.08.21 | 4,97,947 | ടേബിൾ (15+4) |
| 3 | DDO/KNR/SALES/4/ 13.08.21 | 2,15,359 | ടേബിൾ (13) |
| 4 | DDO/KNR/SALES/6/ 31.08.21 | 2,28,882 | ടേബിൾ (9) |
| 5 | DDO/KNR/SALES/7/ 15.09.21 | 4,39,775 | ചെയർ (109) |
| 6 | DDO/KNR/SALES/8/ 20.09.21 | 91,969 | വുഡൻ ചെയർ(12) |
| 7 | DDO/KNR/SALES/9/ 22.09.21 | 2,16,741 | വുഡൻ ചെയർ(17), വുഡൻ ഡോർ(4) |
| 8 | DDO/KNR/SALES/10/ 28.09.21 | 91,374 | വിസിറ്റേർസ് ചെയർ (9) |
| 9 | DDO/KNR/`WC-SALES/2/ 28.09.21 | 9,90,513 | വുഡൻ പാർട്ടീഷൻ വർക്ക് (99.739sqm), വുഡൻ പാനലിംഗ് വർക്ക് (25.883qm) |

| | | | |
|---|---|---|---|
| 10 | DDO/KNR/`WC-SALES/2/ 29.01.21 | 3,93,286 | വുഡൻ പാർട്ടീഷൻ വർക്ക് (30.571sqm),<br>അലൂമിനിയം പാർട്ടീഷൻ വർക്ക് (19.820sqm),<br>അലൂമിനിയം ഫാബ്രിക്കേറ്റഡ് ഡോർ (1.791sqm) |
| | ആകെ | ₹34,10,735 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മുനിസിപ്പൽ ഓഫീസ് ഫർണിച്ചർ & ഇന്റീരിയർ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ റബ്കോ മുഖേന നടപ്പിലാക്കാൻ തീരുമാനിക്കുകയും (തീരുമാനം നം ലഭ്യമല്ല) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി റബ്കോ ക്ക് കത്ത് (നം ഇ1-9979/19/19.12.2019) നൽകുകയും ചെയ്തെങ്കിലും പിന്നീട് പ്രവൃത്തി കാഡ്കോ മുഖാന്തിരം നടപ്പിലാക്കാൻ തീരുമാനം(23.10.2020 ലെ തീരുമാനം നം 8/8) കൈക്കൊണ്ടതായി ഫയലിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാനുണ്ടായ കാരണം വ്യക്തമല്ല.

2. ജി ഒ (ആർ ടി)20/2020/SPD/23.10.2020 കാഡ്കോയിൽ നിന്ന് ടെൻഡർ നടപടികൾ കൂടാതെ മരം കൊണ്ടുള്ള ഫർണിച്ചർ (തേക്ക്, ആഞ്ഞിലി, ഹാർഡ് വുഡ് ) ജി ഒ (ആർ ടി) നം 60/2017/എസ് പി ഡി/20.10.17 നമ്പർ ഉത്തരവിന്റെ ഭാഗമായ പട്ടികയിൽ (പ്രൈസ് ലിസ്റ്റ്) പരാമർശിച്ചതിലും അധികരിക്കാത്ത നിരക്കിൽ വാങ്ങാവുന്നതാണ്. പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെടാത്ത റബ് വുഡിൽ നിർമ്മിച്ച ഫർണിച്ചർ വാങ്ങുന്നതിന് മുമ്പായി സ്റ്റോർ പർച്ചേസ് റൂളിലെ നിബന്ധനകൾ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ 37/24.04.23 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് G.O.(P)No.7/2022 /Fin/17.01.22 ഉത്തരവ് പ്രകാരം 1 കോടിക്ക് താഴെ ഉള്ള പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ നടപ്പാക്കാൻ അനുമതി ഉള്ളതിനാലാണ് ഇങ്ങനെ ചെയ്തത് എന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാഡ്കോയുമായി കരാറിലേർപ്പെട്ടത് E-171/20-21/26.02.2021 പ്രകാരമാണ് എന്നതിനാൽ തന്നെ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ ഇവിടെ പ്രസക്തമല്ല. (എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിന് കാരണമായി , പർച്ചേസ് ആയതിനാലാണ് സാങ്കേതികാനുമതി ലഭ്യമാക്കാതിരുന്നത് എന്നാണ് അറിയിച്ചത്. )

3. G.O.(P)67/21/FIN/28.04.21(Para.8.4), G.O.(P)95/17/FIN/25.07.17(Para.12), G.O.(P)77/19/FIN/04.7.19 (Para.3.n) എന്നിവ പ്രകാരം " In Case Any Work Is Entrusted To Any Non PMC Agency For Direct Execution And The Agency Is Not A Govt Agency , Technical Sanction Shall Be Issued By A Competent Govt Authority. Measurement&check Measurement Shall Be Done By Engineers Appointed By Client Department” എന്ന് വ്യക്തമാക്കിട്ടുണ്ട് ആയതു പ്രകാരം മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് KADCO യിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പരിശോധന നടത്തി സാങ്കേതികാനുമതി നൽകിയതിന്റെയും, പ്രവൃത്തി സൂപ്പർവിഷൻ നടത്തി, ബന്ധപ്പെട്ട കണക്കുകൾ മെഷർമെന്റ് &ചെക്ക്മെഷർമെന്റ് എന്നിവ നടത്തി കൃത്യത ഉറപ്പുവരുത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർവിഷൻ ,മെഷർമെന്റ്, ചെക്ക്മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ് (സർക്കുലർ നം . എസി3/163/2017/തസ്വഭവ /01.08.2018).

4.KADCO യിൽ നിന്നുള്ള മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം തുക അനുവദിക്കുന്നതിന് മുമ്പായി ബില്ലുകൾ പ്രകാരം ലഭ്യമായ ഫർണിച്ചറുകളുടെ ഗുണമേന്മ ഉറപ്പുവരുത്തിയതിന്റെയും പാർട്ടീഷൻ വർക്കുകൾ ബില്ലിൽ പരാമർശിച്ച അളവിൽ പ്രവൃത്തി നടത്തിയിട്ടുണ്ട് എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ നിർദ്ദേശത്തിന് ടേബിൾ ,ചെയർ, വുഡൻ പാർട്ടീഷൻ എന്നിവ ഉൾപ്പെട്ടതിന് സാങ്കേതിക അനുമതി ആവശ്യമില്ലാത്തതിനാലാണ് സാങ്കേതികാനുമതി വാങ്ങാതിരുന്നത് എന്നാണ് മറുപടിയാണ് നൽകിയത് .എന്നാൽ ഇവിടെ മേൽ പ്രസ്താവിച്ചവ പർച്ചേസ് നടത്തുകയല്ല ചെയ്തിട്ടുള്ളത് മറിച്ച് കാഡ്കോയ്ക്ക് അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ വിതരണം നടത്താൻ അനുമതിയില്ലാത്ത ഇനങ്ങൾ റബ് വുഡിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് കാഡ്കോ തന്നെ ഡാറ്റ തയ്യാറാക്കി ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ ആയത് നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതി ആവശ്യമില്ല എന്ന പ്രസ്താവന ശരിയല്ല.

5. G.0(P)No.77/2019/Fin.Dated04.07.2019 പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ നോൺ പി എം സി വിഭാഗത്തിലുൾപ്പെട്ട അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്.

G.0(P)No.95/2017/Fin.Dated25.07.2017 Para 3 പ്രകാരം The Administrative Department Shall Adopt A Fair And Competitive Bidding Process For A Selection Of A Accredited Agency From Those Enlisted Based On Technical Requirements And Centage Charges Etc. (Para 11 ) പ്രകാരം "No Contractors Profit Is Allowable If The Agency Execute The Work Directly. In Such Cases Applicable Overhead Charges(7.5%) And Centage Charges On Estimate Value/value Of Work Done, Whichever Is Lower Is Applicable" നോൺ പി എം സി യായി ഏൽപ്പിക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരുടെ ലാഭവിഹിതം അനുവദനീയമല്ല. മേൽ പ്രവൃത്തി Para 3 ൽ പരാമർശിച്ച പ്രകാരം ടെൻഡർ നടപടി സ്വീകരിക്കാതെയാണ് നടപ്പിലാക്കിയിരിക്കുന്നത്. കാഡ്കോ തന്നെ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിൽ Centage Charge ഉൾപ്പെടുത്താത്തതിനാൽ ആയത് അനുവദിക്കേണ്ട ആവശ്യമില്ല. ഈ സഹചര്യത്തിൽ കരാറുകാരന് എസ്റ്റിമേറ്റ് റേറ്റിനോടൊപ്പം 7.5% ഓവർഹെഡ് ചാർജ്ജിന് മാത്രമാണ് അർഹതയുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ഒരു കോടിയിൽ താഴെയുള്ള പ്രവൃത്തികളുടെ കാര്യത്തിൽ സെന്റേജ് ചാർജ്ജ് 7.5% ആണെന്നും എസ്റ്റിമേറ്റിൽ CP OH എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെന്റേജ് ചാർജ്ജ് പ്രത്യേകമായി നൽകിയിട്ടില്ല എന്നും എസ്റ്റിമേറ്റിൽ ഉണ്ടായിട്ടുള്ള ക്ലറിക്കൽ മിസ്റ്റേക്കാണ് അപാകത്തിന് കാരണമായിട്ടുള്ളതെന്നും കാഡ്കോയ്ക്ക് അധികം തുക നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

GST കണക്കാക്കിയതിലും അപാകമുണ്ട്. മറുപടി തൃപ്തികരമല്ല.

ഡാറ്റാ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ഇനം നം (1) | ഫർണിച്ചറിന്റെ തരം (മെഷർമെന്റ്, എണ്ണം) ബിൽ നം (2) | നിരക്ക് (3) | അനുവദിച്ച CPOH 15% (4) ((3)+(6))15% | കോസ്റ്റ് ഇൻഡക്സ് 32.04% (5) | വാട്ടർ ചാർജ്ജ് 1% (6) | ആകെ നിരക്ക് (7) |
|---|---|---|---|---|---|---|
| 1 | മേശ (337x75x75,1) 6 | 42040.8 | 6369 | 2980 | 420 | 51810 |
| 2 | മേശ(428x75x75, 1)6 | 53969.6 | 8176.4 | 3117.45 | 539 | 65803.19 |
| 3 | മേശ(267x75x75,1) 6 | 33174.6 | 5025.95 | 2509.96 | 331 | 41041.56 |
| 4 | മേശ(150x90x75,4)3 | 22399 | 3393.46 | 1655.67 | 223 | 27672.26 |
| 5 | മേശ (135x75x75,15 ) 3,10= 25 | 16917.9 | 2563.06 | 1103.18 | 169.17 | 20753.33 |

രേഖകൾ ഹാജരാക്കാത്തതിനാൽ 34,10,735/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-42 ഓണം വിപണന മേള – പദ്ധതി നിർവ്വഹണത്തിലെ ആപാകങ്ങൾ-5100 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| പ്രോജക്ടിന്റെ പേര് | 55/22, ഓണം വിപണന മേള |
| അടങ്കൽ | ₹2,00,000 വികസന ഫണ്ട് |
| ചെലവ് | ₹95280 |
| വൗച്ചർ നമ്പർ/ തീയ്യതി | 46/07.09.21 |

1.സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം നം 7249/ജെ1/2018/KSHD/ 26.07.2021 നിർദ്ദേശ പ്രകാരം തളിപ്പറമ്പ നഗരസഭാ പരിധിയിൽ 16.08.21 മുതൽ 20.08.21 വരെയുള്ള തിയ്യതികളിൽ നടപ്പിലാക്കിയ ഓണം വിപണന മേളക്കായി ₹95280 രൂപ ചെലവഴിച്ചിട്ടുണ്ട്.ആയതിൽ 21000 രൂപ 7 സ്ത്രീകൾക്ക് 3000 രൂപ വീതം വിപണന മേളയിൽ പ്രവർത്തിച്ചതിന് അനുവദിച്ചതാണ്. നഗര പ്രദേശത്ത് വിപണന മേളയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എം ഇ സികൾക്ക് ഒരു മേളയിൽ പ്രവർത്തിക്കുന്നതിന് 500 രൂപ നിരക്കിൽ പരമാവധി നല്കാവുന്ന തുക 2500 രൂപയാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (.45/26 .04.23) 500 രൂപ നിരക്കിൽ ജോലി ചെയ്യാൻ സന്നദ്ധരായവരെ ലഭ്യമല്ലാത്തത് കാരണമാണ് 750 രൂപ നിരക്കിൽ തുക അനുവദിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കിയതെന്ന മറുപടിയാണ് നൽകിയത്. സർക്കാർ നിർദ്ദേശിച്ചതിലും കൂടുതലായി തുക അനുവദിക്കുന്നതിന് പദ്ധതി പണം അനുവദിക്കാവുന്നതല്ല. ആയതിനാൽ ഈ തരത്തിൽ അനുവദിച്ച 7X500=3500 രൂപ തടസ്സപ്പെടുത്തുന്നു.

2. മേൽ ഉത്തരവ് ഖണ്ഡിക 5 പ്രകാരം ഓണം വിപണന മേളകൾ നടത്തുന്നതിന് ആവശ്യമായ സാമ്പത്തീകം കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളും സിഡിഎസും പ്രാദേശികമായി ശ്രമിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നഗര പ്രദേശങ്ങളിൽ വിപണന മേള നടത്തുന്നതിന് 15000 രൂപ കുടുംബശ്രീ മിഷന്റെ സാമ്പത്തിക സഹായം ലഭ്യമാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് നിർവ്വഹണം നടത്തിയത് ശരിയായ നടപടിയല്ല.

3. സ.ഉ.(കൈ)നം 22/2018/തസ്വഭവ/14.02.2018 ഖ 8.4 ൽ ഉദ്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ , ക്യാമ്പുകൾ , മേളകൾ തുടങ്ങിയവകൾ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിൽ നിന്നുള്ള അനുമതിയില്ലാതെ വികസനഫണ്ട് മാത്രം വിനിയോഗിച്ച് മേള സംഘടിപ്പിച്ചത് മാർഗ്ഗരേഖ വിരുദ്ധമാണ്.

4.മേൽ പരാമർശിച്ച സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം 4 ഖണ്ഡിക 7 പ്രകാരം ഓണ വിപണന മേളകൾക്കാവശ്യമായ ബാനർ ഇതര ചെലവുകൾക്കുള്ള തുക സ്പോൺസർഷിപ്പ് , പരസ്യങ്ങൾ മുഖാന്തിരം കണ്ടെത്തേണ്ടതാണ്. അത്തരത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതെ വികസന ഫണ്ടിൽ നിന്ന് 1600 രൂപ മാർഗ്ഗ രേഖാ വിരുദ്ധമായി ചെലവഴിച്ചതിനാൽ തുക തടസ്സപ്പെടുത്തുന്നു

5.വിപണന മേളയിൽ പങ്കെടുത്ത കുടുംബശ്രീ യൂണിറ്റുകളുടെ വിവരം, പ്രതിദിന വിറ്റുവരവ് ഇവ സിഡിഎസ് അക്കൗണ്ടന്റുമാർ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6. പദ്ധതിച്ചെലവ് വിവരം നഗരസഭയുടെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിന് നല്കിയ വിശദീകരണം തൃപ്തികരമല്ല.(മുഴുവൻ തുകയും ചെലവാകാത്തതിനാൽ പ്രോജക്ട് ഭേദഗതി സമയത്ത് മറ്റ് പദ്ധതികൾക്കു വേണ്ടി തുക മാറ്റി വച്ചപ്പോൾ വിട്ടുപോയതാണ് എന്നാണ് മറുപടി നല്കിയത്) പ്രോജക്ടിന് ഡി പി സി അംഗീകാരം ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളും ഹാജരാക്കിയിട്ടില്ല.
ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 അപ്പാരൽ പാർക്ക് – പദ്ധതി നിർവ്വഹണം-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
| പ്രോജക്ടിന്റെ പേര് | 84/22, അപ്പാരൽ പാർക്ക് |
| അടങ്കൽ | ₹8,00,000 വികസന ഫണ്ട് |
| ചെലവ് തുക/വൗച്ചർ നമ്പർ/ തീയ്യതി | 1) ₹3,43,973/224/23.03.22<br>₹1,48,143/237/25.03.22<br>ആകെ ₹4,92,116 |

വനിതകളെ തൊഴിൽ സംരംഭങ്ങൾക്ക് പ്രാപ്തരാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി ടെയ്ലറിംഗ് മെഷീനും, ഫർണിച്ചറും, മറ്റ് അനുബന്ധ ഉപകരണങ്ങളും തുണികളും വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകി. ആയത് ഉപയോഗിച്ച് 18 നും 50 വയസ്സിനും ഇടയിലുള്ള സ്ത്രീകളെ ഉൾപ്പെടുത്തി തൊഴിൽ സംരംഭമുണ്ടാക്കി, അവരെ വരുമാനമുണ്ടാക്കാൻ പ്രാപ്തരാക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാങ്ങിയ ഉല്പന്നങ്ങളുടെ വിവരം | ഇൻവോയിസ് നം | തുക |
|---|---|---|---|---|
| 1 | രാജ് എന്റർപ്രൈസസ്, സൗത്ത് ബസാർ കണ്ണൂർ | തയ്യൽ മെഷിനുകളും അനുബന്ധ ഉപകരണങ്ങളും | 1221/21.03.22 /₹23645 1222/21.03.22 /₹8920 | ₹2,45,373 |
| 2 | മയൂരം വുഡ് ഇൻഡസ്ട്രീസ് , മാതമംഗലം | ഫർണിച്ചർ | ബിൽ നം ഇല്ല./23.03.22 | ₹98,600 |
| 3 | സൗഭാഗ്യ ഫാഷൻസ്, സീ സൈഡ് റോഡ്, അഴീക്കോട് | തുണിത്തരങ്ങൾ | 1242/25.03.22 | ₹1,48,143 |
| | | | ആകെ | ₹4,92,116 |

പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 46/26.04.23) തളിപ്പറമ്പ നഗരസഭയിലെ VIII/495 നമ്പർ കെട്ടിടത്തിൽ അപ്പാരൽ പാർക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് സജ്ജീകരണങ്ങൾ നടന്നു വരികയാണെന്ന് അറിയിച്ചിട്ടുണ്ട് . തളിപ്പറമ്പ നഗരസഭയിലെ കുടുംബശ്രീ അംഗങ്ങളായവരും തൻവർഷം പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ ജന്റർ റിസോർസ് സെന്റർ ഇംപ്ലിമെന്റേഷൻ (94/22)എന്ന പദ്ധതിയുടെ ഭാഗമായി ATDC യിൽ നിന്നും പരിശീലനം ലഭിച്ചതുമായ 10 പേർക്കാണ് പ്രവർത്തന ചുമതല നൽകിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ജന്റർ റിസോർസ് സെന്റർ ഇംപ്ലിമെന്റേഷൻ എന്ന പദ്ധതി യുടെ ഭാഗമായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് അപ്പാരൽ പാർക്ക് എന്ന പ്രൊജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് ബന്ധപ്പെട്ട പ്രൊജക്ട് റിപ്പോർട്ടിൽ പരാമർശിക്കാത്തത് പ്രോജക്ട് രൂപീകരണത്തിലുണ്ടായ അപാകമാണ്.

2) പദ്ധതിയുടെ ഭാഗമായി വാങ്ങിയ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ഉല്പന്നങ്ങളും ഫർണിച്ചറുകളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയവ അപ്പാരൽ പാർക്ക് യൂണിറ്റ് സെക്രട്ടറി ശ്രീമതി സെമീമ കെ പി കൈപ്പറ്റിയതിന് ശേഷം യൂണിറ്റിന്റെ പേരിലുള്ള സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3) 2022 മാർച്ച് മാസം പദ്ധതി നിർവ്വഹണത്തിനാവശ്യമായ മെഷീനുകൾ, ഫർണിച്ചർ, ,അസംസ്കൃത വസ്തുവായ തുണിത്തരങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും 10.04.23 ന് മാത്രമാണ് തളിപ്പറമ്പ നഗരസഭാ അപ്പാരൽ പാർക്ക് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. മെഷീനുകളും അടിസ്ഥാന സൗകര്യങ്ങളും അസംസ്കൃത വസ്തുക്കളും അനുവദിച്ചിട്ടും വ്യവസായ സംരംഭം പ്രവർത്തന സജ്ജമാക്കുന്നതിന് ഒരു വർഷത്തിലേറെ കാലതാമസം വന്നത് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമാണ്ടായ അപാകമായി വിലയിരുത്തുന്നു.

4)അടിസ്ഥാന സൗകര്യത്തിനും, അസംസ്കൃത വസ്തുക്കൾക്കുമായി 4,92,116 രൂപ ചെലവഴിച്ച് ആരംഭിച്ച സംരംഭത്തിന്റെ പേരിൽ ഇതേവരെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്നതും അപാകമാണ്.

5. യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി കൗൺസിൽ അംഗീകാരം വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

6. അപ്പാരൽ പാർക്കുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ -₹507120 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. | 324/22 |
| പ്രോജക്ടിന്റെ പേര് | പാളയാട് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് കെമിക്കൽ വാങ്ങൽ |
| അടങ്കൽ | ₹ 649500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 507120(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/തീയ്യതി/തുക | 193/15.3.2022/₹ 507120 |

പദ്ധതിയുടെ ഭാഗമായി 507120 രൂപ ചെലവഴിച്ച് വാങ്ങിച്ച 72Kg Anionic Poly Electrolyte,2400 Litre Sodium Hypocloride,3000Kg Hydratedlime,3000Kg Poly Aluminium Chloride എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/2021-22/26.4.2023) നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. നഗരസഭാ സെക്രട്ടറിയുടെ 16.2.2022-ലെ എച്ച്-1-13541/2021 നം ഉത്തരവ് പ്രകാരം നഗരസഭാ ജെ.എച്ച്.ഐ.(ഗ്രേഡ് I) ആയ ശ്രീ.സൂരജ്.എം.വി എന്നവരെ പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിന്റെ പൂർണ്ണ ചുമതലയും, നഷ്ടോത്തരവാദിത്വവും ഏൽപ്പിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 507120/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 നഗരസഭയിലേക്ക് ആവശ്യമായ ശുചിത്വ ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങൽ -₹378240 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രോജക്ട് നം. | 328/22 |
| പ്രോജക്ടിന്റെ പേര് | നഗരസഭയിലേക്ക് ആവശ്യമായ ശുചിത്വ ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | ₹ 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 378240(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/തീയ്യതി/തുക | 233/25.3.2022/₹ 378240. |

1.പദ്ധതിയുടെ ഭാഗമായി 22.3.2022-ലെ Invoice.No.1690പ്രകാരം378240 രൂപ ചെലവഴിച്ച് സീനത്ത് ട്രേഡേഴ്സ് തളിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് നഗരസഭയിലേക്ക് ആവശ്യമായ ശുചിത്വ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.പ്രസ്തുത സ്ഥാപനത്തിന്റെ 11270200007066 എന്ന അക്കൗണ്ട് നമ്പരിലേക്ക് ബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ (₹334465)നിന്ന് 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ 1 ശതമാനം ഐ.ടി മാത്രം ഈടാക്കി 374895 രൂപ അനുവദിക്കുകയാണ് ചെയ്തത്. ജി എസ് ടി – ടി ഡി എസ് ചെയ്യാത്തത് അപാകമാണ്. പ്രസ്തുത സാധനങ്ങൾ വാങ്ങിച്ച തുകയിലെ ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ (₹334465) നിന്നും 2% ജി.എസ്.ടി-ടി.ഡി.എസ് 6690 രൂപ ഈടാക്കി ഫയൽ ചെയ്തതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതുമാണ്.

2. ശുചിത്വ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2021-22/26.4.2023) നൽകിയ മറുപടിയോടൊപ്പം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്താത്തതും,അപൂർണ്ണവുമാണ്. ആയതിനാൽ മുകളിൽ പരാമർശിച്ചിട്ടുള്ള രേഖകളുടെ അഭാവത്തിൽ 378240 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 റിംഗ് കമ്പോസ്റ്റ്(സ്പിൽ ഓവർ)-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.- 233580രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. | 299/22 |
| പ്രോജക്ടിന്റെ പേര് | റിംഗ് കമ്പോസ്റ്റ്(സ്പിൽ ഓവർ) |
| അടങ്കൽ ₹ 1,50,00,000. | ₹ 6255000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 5265000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹ 3480000(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് ₹23,35,800 | ₹ 974029(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 817530(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹ 544241(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 232/25.3.2022/₹974029.<br>31.3.2022 തീയതിയിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് ഓൺലൈനായി അനുവദിച്ച 1361771 രൂപ (ICICI Bank) |

പദ്ധതിയുടെ ഭാഗമായി 23.3.2022-ലെ Invoice.No.111പ്രകാരം2335800 രൂപ ചെലവഴിച്ച് GURU SREE VERMICOMPOST AND SOLID WAST MANAGEMENT KOZIKODE എന്ന സ്ഥാപനത്തിൽ നിന്ന് 1020 റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വാങ്ങിച്ചതിന് പ്രസ്തുത സ്ഥാപനത്തിന്റെ 67393771499 എന്ന അക്കൗണ്ട് നമ്പരിൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ (₹2085535)നിന്ന് 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാതെ 2 ശതമാനം(₹41711) ഐ.ടി മാത്രം ഈടാക്കി 2294089 രൂപ അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാനും, ഗുണഭോക്തൃവിഹിതം ശേഖരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/2021-22/26.4.2023) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിച്ച റിംഗ് കമ്പോസ്റ്റിന്റെ ജി.എസ്.ടി ഉൾപ്പെടാത്ത തുകയിൽ (₹2085535) നിന്ന് 2% ജി.എസ്.ടി-ടി.ഡി.എസ് (₹41711) ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. കൂടാതെ 1020 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വാങ്ങി വിതരണം ചെയ്തതിന് ചെലവായ ആകെ തുകയുടെ 10 ശതമാനം സ,ഉ(സാധാ)നം3281/2018/ത.സ്വ.ഭ.വ തീയ്യതി 31.12.2018 പ്രകാരം ഗുണഭോക്തൃ വിഹിതമായി ഈടാക്കാതെ 100 ശതമാനം സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല.ആയതിനാൽ റിംഗ് കമ്പോസ്റ്റ് വാങ്ങിയതിന് ആകെ ചെലവായ 23,35,800/- രൂപയുടെ 10 ശതമാനം ഗുണഭോക്തൃ വിഹിതം ഈടാക്കി (₹233580) നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരവും രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. 233580/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-47 അംഗൻവാടി പോഷകാഹാരം- സപ്ലൈകോ വിതരണം ചെയ്യുന്നത് ബ്രാൻഡഡ് സാധനങ്ങൾ-വിലയിൽ സ്ഥിരതയില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ | |
| പ്രോജക്ട് നമ്പർ ,പേര് | 14/22, അങ്കണവാടി പൂരക പോഷകാഹാരം | |
| അടങ്കൽ ₹45,00,000 | ₹15,00,000- കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം<br>₹30,00,000-വികസന ഫണ്ട് ,ജനറൽ | |
| ചെലവ് ₹42,48,575 | ബിൽ നമ്പർ തീയതി | തുക |
| | 1/30.06.21 | ₹10,04,664 |
| | 2/13.08.21 | ₹6,32,702 |
| | 3/22.10.21 | ₹7,10,364 |

| | | |
|---|---|---|
| | 5/24.12.21 | ₹6,52,270 |
| | 8/16.03.22(കേന്ദ്രവിഹിതം) | ₹6,00,000 |
| | 10/31.03.22(കേന്ദ്രവിഹിതം) | ₹6,48,575 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 34 അങ്കണവാടികളിലേക്ക് ജനറൽ ഫീഡിംഗ് പ്രോഗ്രാമിനാവശ്യമായ ഭക്ഷ്യവസ്തുക്കളും ടി എച്ച് ആർ എസ് പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷ്യവസ്തുക്കളും വാങ്ങി വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. 3/2021 മുതൽ 3/2022 വരെയുള്ള മാസങ്ങളിലെ ഭക്ഷ്യവസ്തുക്കളുടെ വിലയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും പദ്ധതിയുടെ ഭാഗമായി നല്കിയിട്ടുണ്ട്.

സപ്ലൈകോയിൽ നിന്നുമാണ് ജനറൽ ഫീഡിംഗിനാവശ്യമായ സാധനങ്ങൾ വാങ്ങിയത്. സപ്ലൈകോയുടെ ഔദ്യോഗിക ബ്രാൻഡായ കേര/ ശബരി ബ്രാൻഡ് ഇനത്തിലുള്ള സാധനങ്ങൾക്കു പുറമേ പാരച്യൂട്ട്, സ്വാമിസ്, എലൈറ്റ് ബ്രാൻഡുകളിലുള്ള ഇനങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഇതുമൂലം സാധനങ്ങളുടെ വിലയിൽ വലിയ അന്തരം വന്നിട്ടുണ്ട്. പ്രധാന ഫീഡിംഗ് ഇനമായ നുറുക്ക് ഗോതമ്പിന്റെ വിലയിലാണ് വലിയ തോതിലുള്ള വ്യത്യാസം വന്നിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | നുറുക്ക് ഗോതമ്പ് | |
|---|---|---|
| | ബ്രാൻഡ് | വില /കിഗ്രാം |
| SUP/1303901/21/18 03.05.21 | Swamis BR Bensi Wheat (2300kg) | 50.4+5%GST=52.92/kg |
| SUP/1303901/21/52 27.05.21 | Swamis BR Bensi Wheat(75kg) | 58.5+5%GST=61.42/kg |
| SUP/1303901/20/230 05.03.21 | Swamis BR Bensi Wheat (2550kg) | 50.4+5%GST=52.92/kg |
| SUP/1303901/21/77 08.07.21 | Elite Bensi Broken Wheat (2200kg) | 57.51+5%GST=60.39/kg |
| SUP/1303901/21/138 15.09.21 | Swamis BR Bensi Wheat (2625kg) | 58.5/kg (GST Not Included) |
| SUP/1303901/21/255 17.11.21 | Swamis BR Bensi Wheat (2700kg) | 69.33+ 5%GST=72.80/kg |
| SUP/1303901/21/417 , 15.01.22 | Elite Bensi Broken Wheat (2925kg) | 57.83+ 5%GST=60.72/kg |
| SUP/1303901/21/601 , 02.03.22 | Swamis BR Bensi Wheat (3225kg) | 60.27+5%GST = 63.28/kg |

അടുത്തടുത്ത മാസങ്ങളിൽ വില കൂടിയും കുറഞ്ഞും വരുന്നതായാണ് ബില്ലുകളിൽ നിന്നും വ്യക്തമാകുന്നത്. നവംബർ മാസത്തിലാണ് ഏറ്റവും കൂടുതൽ വില നല്കിയിട്ടുള്ളത് - കിലോഗ്രാമിന് 72.80രൂപ. ജനുവരിയിൽ ഇത് 60.72രൂപയായി കുറഞ്ഞു. സപ്ലൈകോ വഴി ബ്രാൻഡഡ് സാധനങ്ങൾ വാങ്ങുമ്പോൾ നിരക്ക് സംബന്ധിച്ച ധാരണ ഉണ്ടാക്കുന്നത് നന്നായിരിക്കും . മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ വില ഈടാക്കുന്നുണ്ടോ എന്ന കാര്യവും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഉചിത നടപടികൾക്കായി ഇക്കാര്യം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ

പെടുത്തുന്നു.

## 1-48 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം- ആർ സി ബുക്കിലെ വിവരങ്ങൾ വിതരണം ചെയ്ത വാഹനവുമായി പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 42/22,ഭിന്നശേഷിക്കാർക്ക് ഉപകരണം |
| അടങ്കൽ | ₹11,62,000(വികസന ഫണ്ട് ,ജനറൽ) |
| ചെലവ് ₹11,62,000 | ബിൽ നമ്പർ 6/24.12.21 ₹10,45,000<br>ബിൽ നമ്പർ 7/24.12.21 ₹1,17,000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

പദ്ധതിയുടെ ഭാഗമായി 11 ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനവും (₹10,45,000) 9 ഗുണഭോക്താക്കൾക്ക് കേൾവി സഹായികളും വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം. മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുച്ചക്ര വാഹനവും കെൽട്രോണിൽ നിന്നുള്ള ഓഡിയോളജിസ്റ്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രവണ സഹായികളും വിതരണം ചെയ്തിട്ടുണ്ട്.

1)11 ഹീറോ സ്കൂട്ടറുകൾ (Maestro Edge VX) വാങ്ങി സൈഡ് വീൽ ഘടിപ്പിച്ച് നല്കുകയാണ് കെൽട്രോൺ ചെയ്തിട്ടുള്ളത്. 11 വാഹനങ്ങൾക്ക് സൈഡ് വീലുകൾ ഘടിപ്പിക്കുന്നതിന് അധിക ചാർജ്ജായി 273644.80രൂപയും 5% ജിഎസ് ടി ഇനത്തിൽ 13682.24രൂപയും ഈടാക്കിയിട്ടുണ്ട്. തുക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 29/19.04.23) കെൽട്രോൺ നല്കിയ മറുപടിയിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അറ്റാച്ച്മെന്റ് കിറ്റിന്റെ വില, സർവ്വീസ് ചാർജ്ജ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റ് അല്ലെങ്കിൽ സർക്കാർ വില നിശ്ചയിച്ച് നല്കിയതുമായി ബന്ധപ്പെട്ട ഉത്തരവ് ഹാജരാക്കേണ്ടതാണ്.

2)വാഹനങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ആർ സി ബുക്കുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ആർ സി ബുക്കുകളിൽ Solo With Pillion എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.മറ്റുള്ളവരുടെ ആർ സി ബുക്കുകളിൽ Sidewheel Fitted Adapted എന്നാണ് ചേർത്തിട്ടുള്ളത്.

| ക്രമ നം | പേര് | രജിസ്ട്രേഷൻ നമ്പർ,തീയതി |
|---|---|---|
| 1 | മുഹമ്മദ് കുഞ്ഞി | KL59X6096 , 11.11.2021 |
| 2 | ജനാർദ്ദനൻ പി കെ | KL59X6015 , 12.11.2021 |
| 3 | ബിന്ദു ജോസഫ് | KL59X6007 , 11.11.2021 |
| 4 | ആകാശ് എം | KL59X6127 , 13.11.2021 |
| 5 | താഹിറ കെ വി | KL59X6077 , 11.11.2021 |

സൈഡ് വീൽ ഒഴിവാക്കിയാണോ വാഹനങ്ങൾ പരിശോധനക്കായി കൊണ്ടുപോയത് എന്ന് പരിശോധിക്കേണ്ടതും വാഹനങ്ങളുടെ നിലവിലുള്ള അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഭിന്നശേഷിക്കാരുടെ ഉപയോഗത്തിനായി നല്കിയ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

